*Issued on 27-6-1972*

# PROCEEDINGS
# OF THE
# KERALA LEGISLATIVE ASSEMBLY

**First Session—1969**

Friday, the 7th February 1969

**OFFICIAL REPORT**

Vol. XXIV—No. 15

CONTENTS—(*See over*)

**Price: 50 p.**

©
Government of Kerala
1972

PRINTED BY THE S. G. P. AT THE GOVERNMENT PRESS.
TRIVANDRUM 1972.

LIBRARY ARCHIVES Kerala Legislative Assembly

# CONTENTS


| | | Page No. |
|---|---|---|
| Obituary Reference | .. | 1303—1323 |


2/750/S.

LIBRARY ARCHIVES Kerala Legislative Assembly

PROCEEDINGS OF THE

KERALA LEGISLATIVE ASSEMBLY

**First Session—1969**

*Friday, the 7th February 1969.*

**Vol. XXIV.** **OFFICIAL REPORT** **No. 15**

The Assembly met in the Assembly Chamber, Trivandrum at Eight of the Clock on Friday, the 7th February, 1969 with Mr. Speaker in the Chair.

## OBITUARY REFERENCE

മി. സ്പീക്കർ: ബഹുമാനപ്പെട്ട നിയമസഭാംഗങ്ങളെ, കഴിഞ്ഞമാസം 24-ാം തീയതി സഭ താൽക്കാലികമായി പിരിയുമ്പോൾ വീണ്ടും ഇന്ന് സമ്മേളിച്ച് അടുത്ത വർഷത്തെ ബഡ്ജറ്റ് അവതരിപ്പിക്കാമെന്നായിരുന്ന നമ്മുടെ പ്രതീക്ഷ. പക്ഷേ, അതിനു ശേഷം ഈ സഭയിൽ അവശ്യംപരാമർശിക്കേണ്ടതായ ചില സംഭവമുണ്ടായി. ഈ സഭയിൽ മലമ്പുഴ നിയോജകമണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ശ്രീ. എം. പി. കുഞ്ഞിരാമൻമാസ്റ്റർ കോഴിക്കോടു മെഡിക്കൽ കാളേജ് ആശുപത്രിയിൽ വച്ച് നിര്യാതനായി. നമ്മുടെ അയൽ സംസ്ഥാനമായ തമിഴ്നാട്ടിന്റെ കണ്ണിലുണ്ണിയായിരുന്ന മുഖ്യമന്ത്രി ശ്രീ. അണ്ണാദുരൈ കഴിഞ്ഞ രണ്ടാംതീയതി നിര്യാതനായി. അങ്ങനെ ശോകമൂകമായ ഒരു അന്തരീക്ഷത്തിലാണ് ഇന്ന് സഭ സമ്മേളിച്ചിരിക്കുന്നത്. ഈ പ്രത്യേക സാഹചര്യത്തിൽ ബഡ്ജറ്റ് അവതരണം അടുത്ത ദിവസത്തേയ്ക്ക് മാററിവയ്ക്കാനും മൺമറഞ്ഞ വ്യക്തികൾക്ക് ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ട് ഇന്നത്തെ സമ്മേളനം പിരിയാനും ഞാൻ നിർബന്ധിതനായിരിക്കുകയാണ്.

ശ്രീ അണ്ണാദുരൈ ജനലക്ഷങ്ങളുടെസ്നേഹ വിശ്വാസാദരങ്ങൾ ആർജ്ജിച്ചിരുന്ന ഒരു മഹത് വ്യക്തിയായിരുന്നു. ഒരു ഇടത്തരം കുടുംബത്തിലാണ് അദ്ദേഹം ജനിച്ചത് കർമ്മകുശലതയും, സേവനവ്യഗ്രതയും, മനുഷ്യസ്നേഹവും ആയിരുന്നു ജീവിതത്തിലെ വിവിധ മണ്ഡലങ്ങളിലെ അദ്ദേഹത്തിന്റെ വളർച്ചയുടെയും അസൂയാവഹമായ ഉയർച്ചയുടെയും പ്രധാന ഘടകങ്ങൾ. അറുപതിന്റെ പടിവാതിലിൽ എത്തിനോക്കുവാൻ മാത്രമേ അദ്ദേഹത്തിനു കഴിഞ്ഞുള്ളു. എങ്കിലും പൂർണ്ണ പുരുഷായിസിന് നേടാൻ കഴിയുന്നത്ര ബഹുമതിയും അംഗീകാരവും, പ്രസിദ്ധിയും അദ്ദേഹം നേടി കഴിഞ്ഞിരുന്നു.

സ്വാതന്ത്ര്യ സമരത്തിലൂടെ പൊതുവേദിയിലേക്ക് കടന്നുവന്ന ഒരു ദേഹമായിരുന്നില്ലാ. ശ്രീ.അണ്ണാദുരൈ. സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിലാണ് യഥാർത്ഥത്തിൽ അദ്ദേഹത്തിന്റെ പൊതു ജീവിതം ആരംഭിച്ചത്. രണ്ട് ദശവർഷക്കാലം ഒരു നേതാവിന്റെയും പ്രസ്ഥാനത്തിന്റെയും പ്രവർത്തന ചരിത്ര

2/750/S

LIBRARY ARCHIVES Kerala Legislative Assembly

ത്തിൽ എത്രയോ നിസ്സാരമായ കാലദൈർഘ്യമാണ്. പക്ഷേ ഇത്രയും ചുരുങ്ങിയ ഒരു കാലഘട്ടത്തിനുള്ളിൽ ദേശീയ സ്വാതന്ത്ര്യസമരത്തിന്റെ പാരമ്പര്യമോ പങ്കാളിത്തമോ കൈമുതലായില്ലാതെ ഒരു പുതിയ ആശയത്തിന് ജന്മം നൽകി, ഭരണാധികാരത്തിന്റെ ശ്രീ കോവിലിലേക്ക് ആനയിക്കുവാൻ കഴിഞ്ഞു എന്നുള്ളതാണ്. ശ്രീ. അണ്ണാദുരൈയുടെ പ്രത്യേകത ആ പ്രത്യേകതയും ബഹുമതിയും ശ്രീ. അണ്ണാദുരൈയ്ക്കു മാത്രം അവകാശപ്പെട്ടതാണ്. ശ്രീ. അണ്ണാദുരൈ ഒരു രാഷ്ട്രീയ നേതാവു മാത്രമായിരുന്നില്ല. അദ്ദേഹം കടന്നു ചെന്നിട്ടില്ലാത്ത പ്രവർത്തന മണ്ഡലങ്ങളില്ല. സാഹിത്യകാരനും, പ്രസംഗകനും, പത്രപ്രവർത്തകനും, അദ്ധ്യാപകനും അഭിനേതാവുമൊക്കെ ആയിരുന്നു അദ്ദേഹം. ആ മണ്ഡലങ്ങളിലെല്ലാം തന്നെ അദ്ദേഹം അദ്ദേഹത്തിന്റേതായ വ്യക്തിമുദ്രയും പതിപ്പിച്ചിരുന്നു.

രാഷ്ട്രത്തിന്റെ വിശാലമായ താല്പര്യങ്ങൾക്ക് എപ്പോഴും അദ്ദേഹം മുൻഗണന നൽകിയിരുന്നു. അദ്ദേഹത്തിന്റെ രാഷ്ട്രീയ പ്രസ്ഥാനം ഓരോരോ സന്ദർഭങ്ങളിൽ എടുത്തിട്ടുള്ള തീരുമാനങ്ങളും, നടത്തിയിട്ടുള്ള ലക്ഷ്യപ്രഖ്യാപനങ്ങളും അതിനു മതിയായ തെളിവുകളാണ്. ചിലപ്രശ്നങ്ങളിൽ, പ്രത്യേകിച്ചും ഭാഷയുടെ കാര്യത്തിൽ മററു ചിലരുടെതിൽ നിന്നും വ്യത്യസ്തമായ അഭിപ്രായം അദ്ദേഹത്തിനുണ്ടായിരുന്നെങ്കിൽപോലും ഉത്തരവാദിത്വമുള്ള ഒരു ദേശീയ നേതാവായിത്തന്നെ അദ്ദേഹം വർത്തിച്ചു. വിദേശപര്യടനവേളയിൽ അദ്ദേഹം പ്രദർശിപ്പിച്ച രാജ്യതന്ത്രജ്ഞത പ്രശംസനീയമാണ്. ഒരു കാൺഗ്രസേതര മന്ത്രി സഭയുടെ തലവനെന്ന നിലയിലും ശ്രീ. അണ്ണാദുരൈ ഒരു വിജയമായിരുന്നു. മുഖ്യ മന്ത്രിയെന്ന നിലയിൽ അദ്ദേഹം പ്രദർശിപ്പിച്ച സംയമനവും നിശ്ചയദാർഢ്യവും പ്രശംസാർഹമാണ്. തികഞ്ഞ നിഷ്പക്ഷതയും വിശാലതയും പ്രകടിപ്പിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞിരുന്നു. ഒരു പക്ഷേ മഹാത്മജിയുടെയും പണ്ഡിററ്ജിയുടെയും ചരമാവസരം കഴിഞ്ഞാൽ ഇത്രയേറെ ജനലക്ഷങ്ങളെ ദു:ഖിപ്പിക്കുന്ന ഒരു ചരമം, പരിണതപ്രതിജ്ഞരായ നേതാക്കൻമാർപോലും വാവിട്ടുകരഞ്ഞ ഒരുസന്ദർഭം അടുത്തകാലത്ത് ഉണ്ടായിട്ടുണ്ടോ എന്നു സംശയമാണ്, പൊതുരംഗത്തു പ്രവേശിച്ച നാൾ മുതൽ ശ്രീ. അണ്ണാദുരൈ അനീതിക്കും അനാചാരങ്ങൾക്കും എതിരായി പ്രവർത്തിച്ചു. മററ് എല്ലാമണ്ഡലങ്ങളിലേയും മൽസരങ്ങളിൽ തികഞ്ഞ വിജയം വരിച്ച അദ്ദേഹത്തിന് മരണവുമായുള്ള പടവെട്ടിൽ മരണത്തിനും വഴങ്ങികൊടുക്കേണ്ടിവന്നു. ജനതാ മദ്ധ്യത്തിൽ ജീവിച്ചിരുന്ന അദ്ദേഹം ഇന്ന് ജനഹൃദയങ്ങളിൽ ജീവിക്കുന്നതായി മാറിയിരിക്കുകയാണ്. യാഥാർത്ഥ്യബോധമുള്ള നേതൃത്വത്തിനു വേണ്ടി ദാഹിക്കുന്ന ഇന്നത്തെ പ്രത്യേക കാലഘട്ടത്തിൽ ശ്രീ. അണ്ണാദുരൈപ്പോലുള്ള പരിണത പ്രജ്ഞനായ ഒരു നേതാവിന്റെ നിര്യാണം തമിഴ്നാടിനും, ദക്ഷിണ ഭാരതത്തിനും, ഭാരതത്തിനൊട്ടാകെത്തന്നെയും നികത്താനാവാത്ത ഒരു നഷ്ടമാണ്. അദ്ദേഹത്തിന്റെ ദേഹവിയോഗത്തിലുള്ള വികാരം കേരളജനത ഇതിനകം തന്നെ പ്രകടിപ്പിച്ചു കഴിഞ്ഞിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്തെ പ്രതിനിധീകരിച്ച് ശ്രീ. അണ്ണാദുരൈയുടെ ശവസംസ്ക്കാരച്ചടങ്ങിൽ സംബന്ധിക്കാൻ നമ്മുടെ മുഖ്യ മന്ത്രി തന്നെ എത്തിയിരുന്നു.

മലബാറിലെ പഴക്കവും തഴക്കവും ചെന്ന രാഷ്ട്രീയ പ്രവർത്തകൻമാരിൽ പ്രമുഖനായ ഒരു വ്യക്തിയായിരുന്നു ശ്രീ. എം. പി. കുഞ്ഞിരാമൻ. ചെറുപ്പത്തിൽ തന്നെ സ്വാതന്ത്ര്യസമര പ്രസ്ഥാനത്തിൽ കൂടി പ്രത്യേകിച്ച്, ആ പ്രസ്ഥാനങ്ങൾക്ക് നേതൃത്വം നൽകിക്കൊണ്ടിരുന്ന കാൺഗ്രസ്, സോഷ്യലിസ്ററ് കമ്മ്യൂണിസ്ററു മുതലായ രാഷ്ട്രീയ പാർട്ടികളുമായി ബന്ധപ്പെട്ടുകൊണ്ടു ആത്മാർത്ഥവും സത്യസന്ധവുമായ സേവനം ശ്രീ. കുഞ്ഞിരാമൻ

—LIBRARY ARCHIVES Kerala Legislative Assembly

നാട്ടിനുവേണ്ടി ചെയ്തിട്ടുണ്ട്. ഒരു നിയമസഭാ സാമാജികനെന്ന നിലയിൽ പ്രവർത്തിക്കാൻ കുറച്ചു കാലം മാത്രമേ അദ്ദേഹത്തിനു കഴിഞ്ഞുള്ളു. എങ്കിലും പക്വമതിയായ സാമാജികനെന്ന നിലയിൽ ഈ സഭാ നടപടികളിൽ സജീവമായ പങ്ക് അദ്ദേഹം വഹിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ നിര്യാണം ഈ സഭയ്ക്ക് ഒരു തീരാനഷ്ടമാണ്. ഈ വസ്തുതകൾ ബഹു. സഭാംഗങ്ങളെ അറിയിച്ചുകൊള്ളുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്): സർ, അങ്ങ് ഇവിടെ പേരെടുത്തു പറഞ്ഞ ആ രണ്ട് മഹത് വ്യക്തികളുമായി വളരെയേറെ അടുത്തു ബന്ധപ്പെടാൻ അവസരം ലഭിച്ച ഒരാളാണ് ഞാൻ. പരേതനായ കുഞ്ഞിരാമൻ മാസ്റ്ററുടെ ജീവിതത്തിൽ മൂന്ന് ദശാബ്ദത്തിലധികം കാലം ഇടപഴകി ഒരേ രീതിയിൽ പ്രവർത്തിക്കാനുള്ള അവസരം എനിക്കുണ്ടായിട്ടുണ്ട്. അദ്ദേഹത്തിന്റേയും എന്റേയും പൊതുജീവിതം ഏതാണ്ട് ഒരേ ഘട്ടങ്ങളിൽ കൂടിയാണ് കടന്നു പോയത്. ആ വക കാര്യങ്ങൾ ഓരോന്നോരോന്നായി എടുത്തു പറയാൻ ഈ അവസരം ഉപയോഗിക്കുന്നില്ല. എന്നാൽ അദ്ദേഹത്തിന്റെ സ്വഭാവത്തിലുള്ള ഒരു പ്രത്യേക വിശേഷം എടുത്തു പറയാതിരിക്കാൻ നിവർത്തിയില്ല. അതായത് അദ്ദേഹത്തിന് പൊതുജീവിതം എന്നൊന്നല്ലാതെ മറ്റൊന്നുണ്ടോ എന്നുപോലും അദ്ദേഹത്തെ അടുത്തറിയുന്നവർ സംശയിക്കും. എല്ലാക്കാലത്തും എല്ലാ സന്ദർഭങ്ങളിലും എന്തു വിഷമങ്ങളുണ്ടായാലും അതിനെ നേരിടുന്നതിനു വേണ്ടി തന്റെ കഴിവു മുഴുവൻ ഉപയോഗിക്കുകയും തന്റെ സർവ്വസ്വവും അതിനുവേണ്ടി ബലികഴിക്കുകയും ചെയ്തുകൊണ്ട് ജനങ്ങളുടെ താല്പര്യങ്ങൾക്കു വേണ്ടി മാത്രം ജീവിക്കുക എന്നുള്ള സ്വഭാവമാണ് അദ്ദേഹത്തിനുണ്ടായിരുന്നത്. പാലക്കാട്ടു ടൗണിന്റെ പരിസരങ്ങളിൽ പോയാൽ കുഞ്ഞിരാമൻ മാസ്റ്റർ അവിടെ ഉണ്ടോ എന്നറിയാൻ വിഷമമില്ല. അത്രയേറെ ജനങ്ങളുമായി ഇടപഴകി അവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയും പോലെ പ്രവർത്തിച്ച് തന്റെ ജീവിതത്തിന്റെ സർവ്വസ്വവും ജനങ്ങൾക്കായിട്ട് ഉഴിഞ്ഞു വച്ചിരുന്ന ഒരു രാഷ്ട്രീയ പ്രവർത്തകന്റെ നഷ്ടമാണ് നമ്മിൽ പലർക്കും ഉണ്ടായിട്ടുള്ളത്. അതേയവസരത്തിൽ പൊതുപ്രവർത്തകനെന്ന നിലയിൽ, പൊതുപ്രവർത്തനങ്ങളിൽ അല്ലാതെ മറ്റൊന്നിലും ശ്രദ്ധയില്ലാത്ത ആളാണെന്നു തോന്നുമെങ്കിലും അദ്ദേഹത്തിന്റെ ജീവിതവും ബന്ധങ്ങളും നോക്കിയാൽ അദ്ദേഹവുമായി അടുത്ത് ഇടപെഴകുന്ന ഓരോ ആളുമായി അങ്ങേയറ്റം ആത്മാർത്ഥമായ സൗഹൃദം നിലനിറുത്തുക എന്നുള്ള സ്വഭാവത്തിന്റെ മൂർത്തീകരണമായിരുന്നു അദ്ദേഹം. അദ്ദേഹത്തിന്റെ അകാല ദേഹവിയോഗത്തിൽ അങ്ങ് ഖേദം പ്രകടിപ്പിച്ചതിൽ സഹപ്രവർത്തകൻ എന്ന നിലയിലും മറ്റെല്ലാ നിലയിലും ഞാനും പങ്കു കൊള്ളുന്നു.

ശ്രീ. അണ്ണാദുരൈയുടെ കാര്യമാണെങ്കിൽ അദ്ദേഹത്തെ അറിയുന്നത്, അവസാനം മുഖ്യമന്ത്രിയായിരുന്നപ്പോഴാണ്. തമിഴ്നാട്ടിന്റെ നവോത്ഥാനത്തിൽ അദ്ദേഹം വഹിച്ച പങ്ക് തമിഴ്നാട്ടുകാർക്കു വിസ്മരിക്കാൻ സാദ്ധ്യമല്ല. കലാസാംസ്ക്കാരിക രംഗങ്ങളിൽ മാത്രമല്ല, സാമൂഹമായി വരുന്നതും വരുത്തേണ്ടതുമായ മാററങ്ങളും രാഷ്ട്രീയ മാററങ്ങളും തമ്മിലുള്ള ബന്ധത്തിന്റെ കാര്യത്തിലും എല്ലാം തന്നെ അദ്ദേഹം നൽകിയിട്ടുള്ള സംഭാവന അമൂല്യമാണ്. അതുകൊണ്ടാണ് അദ്ദേഹം തമിഴ്നാട്ടിലെ ജനങ്ങളുടെ ആകെ സ്നേഹഭാജനം ആയിട്ടുള്ളത്. അദ്ദേഹത്തിന്റെ വിലാപയാത്ര കാണാനുള്ള അവസരം എനിക്കുണ്ടായി. അതിനുമുമ്പ് അദ്ദേഹം മദ്രാസ് ക്യാൻസർ ഇൻസ്ററിററ്യൂട്ടിൽ രോഗശയ്യയിൽ കിടന്ന അവസരത്തിൽ അദ്ദേഹത്തെ കാണാൻ പോയപ്പോൾ അദ്ദേഹത്തിന്റെ രോഗവാർത്ത അറിയുന്നതിനുള്ള ഉൽക്കണ്ഠയോടുകൂടി നിൽക്കുന്ന ജനങ്ങൾ അവിടെ പോയിട്ട് പുറത്തു വരുന്ന ഓരോരുത്ത

രോടും ചോദിക്കുന്ന ചോദ്യത്തിൽ നിന്നും തമിഴ്നാട്ടിലെ ജനങ്ങളുടെഹൃദയത്തിൽ ആണ്ടിറങ്ങിച്ചെന്ന ഒരു വ്യക്തിയായിരുന്നു അദ്ദേഹമെന്നു മനസ്സിലാക്കാൻ വിഷമമില്ലായിരുന്നു.

പല മരണങ്ങളും പല വിലാപ യാത്രകളും അന്ത്യയാത്രകളുമെല്ലാം ഞാൻ കണ്ടിട്ടുണ്ട്, പലതിനെപ്പററിയും കേട്ടിട്ടുണ്ട്. ആദ്യം അങ്ങു പറഞ്ഞതുപോലെ മഹാത്മഗാന്ധിയുടേയും പൺഡിററ് നെഹ്റുവിൻെറയും മരണം കഴിഞ്ഞ അവസരത്തിലുണ്ടായതുപോലെയുള്ള ഒരു ദൃശ്യം മദ്രാസിൽ കാണാൻകഴിഞ്ഞു. വിലാപ യാത്രയ്ക്കിടയ്ക്ക് നടക്കാനും എനിയ്ക്ക് ഭാഗ്യമുണ്ടായി. പിഞ്ചു കുട്ടികൾ മുതൽ വളരെയേറെ പ്രായം ചെന്നിട്ടുള്ള വൃദ്ധൻമാർ വരെ-വൃദ്ധകളടക്കം-ആയിരകണക്കിനാളുകൾ അദ്ദേഹത്തിൻെറ ശവശരീരം കൊണ്ടുപോകുന്നതു കണ്ടപ്പോൾ വാവിട്ടു കരയുന്ന ദൃശ്യം ഞാൻ ഇതിനു മുൻപു കണ്ടിട്ടുമില്ല, കേട്ടിട്ടുമില്ല. മദ്രാസ് നഗരം ജനനിബിഡമായിരുന്നു, ജനങ്ങൾ അദ്ദേഹം പോകുന്നതിലുള്ള വ്യസനം പ്രകടിപ്പിക്കുന്നതിനുവേണ്ടി മാത്രം വന്നിട്ടുള്ളവരായിരുന്നു. ഇതെങ്ങനെ സംഭവിച്ചു എന്നു ചോദിച്ചാൽ തമിഴ്നാട്ടിലെ നവോത്ഥാനത്തിന് അദ്ദേഹം നൽകിയിട്ടുള്ള സംഭാവനകളാണ് അതിനു കാരണം. അതിനെപ്പററി വിശദമായി പറയാൻ ഞാനാഗ്രഹിക്കുന്നില്ല. ഒരു കലാകാരൻ, നടൻ, തികഞ്ഞ ഭാഷാസ്നേഹി എന്നുള്ളതിനെല്ലാം പുറമെ ഒരു സാമൂഹ്യ പരിഷ്ക്കർത്താവ് എന്നുള്ള നിലയിലും അദ്ദേഹം പ്രശോഭിച്ചിരുന്നു. സാമൂഹ്യാനാചാരങ്ങൾക്കും അന്ധ വിശ്വാസങ്ങൾക്കും എതിരായി പടവെട്ടി അന്ധ വിശ്വാസങ്ങൾക്ക് എതിരായി സമരത്തിൻെറ സേനാനിയായിരുന്ന പെരിയോർ രാമസ്വാമി നായ്ക്കരുടെ അന്ധ വിശ്വാസങ്ങളോടുള്ള സമരത്തിൽ ഒരു പടിവരെ അദ്ദേഹം ചെന്നെത്തി പെരിയോരും അണ്ണാദുരൈയും തമ്മിൽ തെററിയത് 1947-ൽ അധികാര കൈമാററം നടന്നപ്പോൾ കൈക്കൊള്ളേണ്ട നിലപാടിനെ സംബന്ധിച്ചായിരുന്നു. ചില പ്രത്യേക സാഹചര്യങ്ങളാണ് അദ്ദേഹം പെരിയോരുമായി തെററാനുള്ള കാരണം സാമൂഹ്യാനാചാരങ്ങൾക്കും അന്ധവിശ്വാസങ്ങൾക്കും എതിരായ സമരവും രാഷ്ട്രീയ സ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള സമരവും തമ്മിലുള്ള ബന്ധം മനസ്സിലാക്കാനും അതിൽ കൂടി നാടിനെ ഉയർത്താനും പ്രവർത്തിച്ചയാളാണ് അദ്ദേഹം. എനിക്കാണെങ്കിൽ 1967 മാർച്ചിനു മുൻപു തന്നെ അദ്ദേഹവുമായി ഇടപഴകാനുള്ള ചില അവസരങ്ങൾ സിദ്ധിച്ചിട്ടുണ്ട്. എന്നാൽ അതിനുശേഷം നാഷണൽ ഡവലപ്പ്മെൻറ് കൗൺസിലിലും മുഖ്യമന്ത്രിമാരുടെ സമ്മേളനത്തിലും അതുപോലെ തന്നെ രണ്ടു സ്റേററുകളിലെയും പ്രതിനിധികൾ കൂടിയുള്ള വൈകാരിക സമ്മേളനങ്ങളിലും എല്ലാം അദ്ദേഹം വഹിച്ച പങ്ക് അങ്ങു സൂചിപ്പിച്ചതുപോലെ വിശിഷ്ടനായ ഒരാളായിരുന്നു അദ്ദേഹം എന്നുള്ളതിനുള്ള തെളിവുകളായിരുന്നു. ആ നിലയിൽ അദ്ദേഹത്തിൻെറ വേർപാട് ഇൻഡ്യയിൽ എല്ലായിടത്തുമുള്ള ആളുകളെ അങ്ങേയററം ദുഃഖാകുലരാക്കുന്നതാണ്. അദ്ദേഹത്തിൻെറ നിര്യാണത്തിൽ അഗാധമായ ദുഃഖം ഞാൻ രേഖപ്പെടുത്തുന്നു.

ശ്രീ. കെ. കരുണാകരൻ : സർ, ഈ സഭയിലെ അംഗമായിരുന്ന ബഹുമാനപ്പെട്ട കുഞ്ഞിരാമൻ മാസ്ററരുടെയും തമിഴ്നാട് മുഖ്യമന്ത്രിയായിരുന്ന ശ്രീ. അണ്ണാദുരൈയുടെയും ദേഹവിയോഗത്തിൽ അങ്ങും ഈ സഭാ നേതാവും പ്രകടിപ്പിച്ച വികാരങ്ങളോട് ഞാനും എൻെറ കക്ഷിയും പരിപൂർണ്ണമായി യോജിക്കുകയാണ്. ശ്രീ. കുഞ്ഞിരാമൻ മാസ്റററുമായി അടുത്തുപെരുമാറാനൊന്നും എനിക്ക് അവസരം ലഭിച്ചിട്ടില്ലെങ്കിലും. ഞാൻ മനസ്സിലാക്കിയിടത്തോളം അദ്ദേഹം സാമാന്യ ജനങ്ങളുടെ കഷ്ടപ്പാടുകൾക്ക് പരിഹാരം കാണുന്ന കാര്യത്തിൽ, അദ്ദേഹം വിശ്വസിച്ച മാർഗ്ഗത്തിലൂടെ ആത്മാർ

ത്ഥമായി പ്രവർത്തിച്ചു കൊണ്ടിരുന്നു എന്നു കാണാൻ കഴിഞ്ഞിട്ടുണ്ട്. രാഷ്ട്രീയ പാർട്ടികൾക്കും രാഷ്ട്രത്തിനു തന്നെയും ഇത്തരം ആത്മാർത്ഥതയുള്ള ആളുകളെയാണാവശ്യം. ആ നിലയിൽ ശ്രീ. കുഞ്ഞിരാമൻ മാസ്ററരുടെ ദേഹവിയോഗം നമുക്ക് ഒരു വലിയ നഷ്ടമാണ്.

തമിഴ്നാടു മുഖ്യമന്ത്രിയായിരുന്ന ശ്രീ. അണ്ണാദുരൈ പല കാര്യങ്ങളിലും നമുക്ക് മാതൃകാപരമായി സ്വീകരിക്കാവുന്ന ഒരു മഹാപുരുഷനായിരുന്നു. തമിഴ്നാടിൻെറ താൽപ്പര്യത്തിനു വേണ്ടി ഉറച്ചു നിന്ന് ആത്മാർത്ഥമായി പ്രവർത്തിക്കുകയും കാലാ കാലങ്ങളിലുള്ള മാററങ്ങൾക്ക് അനുയോജ്യമായി തൻെറ തീരുമാനങ്ങൾക്ക് മാററം വരുത്തുകയും ചെയ്യുന്നത് അദ്ദേഹത്തിൻെറ ഒരു മഹത്വമാണ്. സ്വതന്ത്ര ദ്രാവിഡസ്ഥാനു വേണ്ടി വാദിക്കുകയും ഇൻഡ്യൻ ഭരണഘടന കത്തിച്ചുകളയുന്നതിനുവേണ്ടി ആഗ്രഹിക്കുകയും ചെയ്ത അദ്ദേഹം പിന്നീട് ഭരണഘടനയ്ക്കു വിധേയമായി പ്രവർത്തിക്കണമെന്നു തീരുമാനിക്കുകയാണുണ്ടായത്. ഇൻഡ്യയുടെ ഇന്നത്തെ ഭരണക്രമത്തിൽ കേന്ദ്ര സംസ്ഥാനബന്ധങ്ങൾ എങ്ങനെയായിരിക്കണമെന്നും കേന്ദ്രത്തിലും സംസ്ഥാനങ്ങളിലും വ്യത്യസ്ത രാഷ്ട്രീയ പാർട്ടികളുടെ ഭരണം നടക്കുമ്പോൾ ഏതു നിലയിൽ പ്രവർത്തിക്കണം, ഏതു നിലയിൽ പ്രവർത്തിക്കാൻകഴിയും എന്നെല്ലാം അദ്ദേഹം കാണിച്ചു തന്നിട്ടുള്ള മാതൃക എല്ലാ സംസ്ഥാനങ്ങൾക്കും മാതൃകയായിരിക്കേണ്ടതാണ്. കേന്ദ്രത്തിൽ വിശ്വസിക്കാത്ത പ്രതിപക്ഷ രാഷ്ട്രീയ പാർട്ടിയായിരുന്നിട്ടു പോലും സംസ്ഥാനത്തിൻെറ ഗുണത്തിനു വേണ്ടി ഭരണഘടനയുടെ പരിധിക്കുള്ളിൽ നിന്നുകൊണ്ട് കേന്ദ്രവുമായി സഹകരിച്ച് പ്രവർത്തിക്കാനും മാതൃകാപരമായ കേന്ദ്ര സംസ്ഥാന ബന്ധം സ്ഥാപിക്കാനും അദ്ദേഹത്തിനു സാധിച്ചു. അതുപോലെതന്നെ ഇൻഡ്യക്കു പുറത്തുപോയാൽ ഇൻഡ്യ തൻെറ നാട് എന്നുള്ളനിലയിൽ ഇൻഡ്യയുടെ അന്തസ്സും അഭിമാനവും ഉയർത്തി പിടിക്കാനുതകുന്ന രീതിയിൽ എങ്ങനെ പ്രവർത്തിക്കണമെന്ന് അദ്ദേഹം കാട്ടിത്തന്ന മാതൃക ഇൻഡ്യാക്കാരന് മറക്കാൻ സാദ്ധ്യമല്ല. അദ്ദേഹം ജനലക്ഷങ്ങളുടെ നേതാവാണ്. തമിഴ്നാട്ടിലെ അവശത അനുഭവിക്കുന്ന സാധാരണക്കാരൻെറ ആശാകേന്ദ്രമായിരുന്നു അദ്ദേഹം 'അണ്ണാ' എന്നുള്ളപേരുതന്നെ അതിന് അന്വർത്ഥമാണ്. അദ്ദേഹം ചെറുപ്പക്കാരൻെറയും വൃദ്ധൻെറയും 'അണ്ണാ' ആയിട്ടു പ്രവർത്തിച്ചു. അദ്ദേഹത്തിൻെറ സത്യസന്ധതയും ആത്മാർത്ഥതയും, നിസ്വാർത്ഥതയും അക്രമരാഹിത്യവും എല്ലാം തന്നെ അദ്ദേഹത്തെ ഒരു തനി ഗാന്ധിയനാക്കി മാററുകയാണുണ്ടായത്. അദ്ദേഹം ഒരു കോൺഗ്രസുകാരനല്ലെങ്കിലും ഏതൊരു കോൺഗ്രസുകാരനെയുംകാൾ ഗാന്ധിജിയുടെ വിശ്വാസ പ്രമാണങ്ങളിൽ അടിയുറച്ചു വിശ്വസിച്ചിരുന്നു. ഗാന്ധിജിയെപ്പോലെതന്നെ മദ്യനിരോധനത്തിലും അനാക്രമണത്തിലും അദ്ദേഹം വിശ്വസിച്ചിരുന്നു. അന്ത്യശ്വാസം വലിക്കുമ്പോഴും അദ്ദേഹം തൻെറ അനുയായികളോട് പറഞ്ഞത് സമാധാന ഭഞ്ജനം ഉണ്ടാകുന്ന യാതൊന്നും ചെയ്യരുതെന്നാണ്. എല്ലാ തുറകളിലും മഹാനായ ഒരു വ്യക്തിയായിരുന്നു അദ്ദേഹം. അതുകൊണ്ടാണ് മററൊരു സംസ്ഥാനത്തിലെ മുഖ്യമന്ത്രി മരിച്ചപ്പോഴും മുമ്പൊരിക്കലും ഉണ്ടായിട്ടില്ലാത്ത വികാരം ഉണ്ടായിട്ടുള്ളത്. ഈ രണ്ടു മഹാത്മാരുടെയും ദേഹവിയോഗത്തിൽ ഞാനും എൻെറ പാർട്ടിയും പൂർണ്ണമായും അനുശോചിക്കുകയും ഈ സഭയുടെ വികാരങ്ങളോട് യോജിക്കുകയും ചെയ്യുന്നു.

ശ്രീ. കെ. എം. ജോർജ്ജ് : സർ നമ്മുടെ സഹപ്രവർത്തകനും ഈ സഭയിലെ അംഗവുമായിരുന്ന ശ്രീ. കുഞ്ഞിരാമൻ മാസ്ററരുടെ അകാല ദേഹവിയോഗം അങ്ങും സഭാനേതാവും സൂചിപ്പിച്ചതുപോലെ തീരാത്തതും നികത്താനാകാത്തതുമായ ഒരു വിടവാണ് ഉണ്ടാക്കിയിരിക്കുന്നത്. മാസ്ററരെ സംബന്ധി

LIBRARY ARCHIVES Kerala Legislative Assembly

ച്ചിടത്തോളം ഞങ്ങളിൽ പലർക്കും അദ്ദേഹം ഈ നിയമസഭയിൽ വന്നതിനു ശേഷമേ അടുത്തറിയാൻ കഴിഞ്ഞിട്ടുള്ളു. അദ്ദേഹം വളരെ ലളിതമായ ഒരു ജീവിതം നയിക്കുകയും പാവപ്പെട്ട ജനവിഭാഗങ്ങൾക്കുവേണ്ടി നിലകൊള്ളുകയും ചെയ്തിരുന്നുവെന്ന് അദ്ദേഹത്തെ കാണുന്ന മാത്രയിൽത്തന്നെ മനസ്സിലാക്കാൻ കഴിയുമായിരുന്നു. ഈ സഭയ്ക്കകത്ത് അദ്ദേഹം പലകാര്യങ്ങളിലും ഇടപെട്ട് വാദപ്രതിവാദങ്ങളിലും ചർച്ചകളിലും സംബന്ധിച്ച അവസരത്തിലും ഇതേ അനുഭവംതന്നെ അദ്ദേഹത്തിൽ വിളങ്ങി നിൽക്കുന്നതായി ഞങ്ങൾക്കു കാണാൻ കഴിഞ്ഞിട്ടുണ്ട്. അദ്ദേഹത്തിന്റെ ആകസ്മികമായ വേർപാടിൽ നമുക്കെല്ലാപേർക്കും അഗാധമായ ഖേദമുണ്ട്.

അതോടൊപ്പംതന്നെ നമ്മെ മാത്രമല്ല ഇൻഡ്യൻ ജനതയെ മുഴുവനും ശോകഗ്രസ്തമാക്കിയിരിക്കുന്ന മററൊരു സംഭവമാണ് തമിഴ്നാട് മുഖ്യമന്ത്രിയായിരുന്ന ശ്രീ. അണ്ണാദുരൈയുടെ ദേഹവിയോഗം. 1967—ലെ പൊതു തിരഞ്ഞെടുപ്പിനുശേഷം ഇൻഡ്യയിലെ ഏററവും ഉന്നതരായ മഹാന്മാരിൽ ഒരാളായി അദ്ദേഹത്തിനു ഉയർന്നുവരാൻ സാധിച്ചു. അതിനു മുൻപിലത്തെ കാലഘട്ടത്തിൽ അദ്ദേഹം തമിഴ് സാഹിത്യത്തിനും കലയ്ക്കും ജനങ്ങൾക്കും വേണ്ടി എന്തു ചെയ്തു കൊണ്ടിരിക്കുകയായിരുന്നു എന്നുള്ളതെല്ലാം വിശാലഭാരതവും ജനങ്ങളും ഗ്രഹിക്കുന്നത് 1967-നു ശേഷമാണ്. അണ്ണാദുരൈയുടെ ദേഹവിയോഗത്തിൽ ഇൻഡ്യയിലാകമാനം കണ്ടദൃശ്യം വാസ്തവത്തിൽ എത്രയോ വലിയ ഒരു മഹാനായിരുന്നു അദ്ദേഹമെന്നു വിളിച്ചറിയിക്കുന്നതായിരുന്നു. അദ്ദേഹത്തിന്റെ മഹത്വം മരണത്തോടു കൂടിയാണ് എല്ലാപേർക്കും മനസ്സിലാകുന്നത് എന്ന് വിളിച്ചറിയിക്കുന്ന സംഭവമായിരുന്നു അവ. നാലാമത്തെ പൊതു തെരഞ്ഞെടുപ്പ് നമ്മുടെ രാജ്യത്തിന്റെ ജനാധിപത്യ ഭരണ ക്രമത്തിലും രാജ്യത്തിന്റെ ചരിത്രത്തിലും ഒരു പുതിയ അദ്ധ്യായം കുറിക്കുന്നഒരു സംഭവവികാസമാണ്. ഈ തിരഞ്ഞെടുപ്പോടു കൂടി ഇൻഡ്യൻ ജനാധിപത്യം ഒരു പുതിയ കാലഘട്ടത്തിലേക്ക് കാലൂന്നിയെന്നുള്ളത് ഒരു സത്യമാണ്. ഒരേ പാർട്ടിതന്നെ കേന്ദ്രത്തിലും മറ്റെല്ലാ സംസ്ഥാനങ്ങളിലും ഭരിക്കുക എന്നുള്ള കാലാകാലങ്ങളിലേക്ക് സാദ്ധ്യമല്ലെന്നും തീർച്ചയായും ഇൻഡ്യയെപ്പോലെയുള്ള ഒരു ഫെഡറൽ ഭരണ വ്യവസ്ഥിതിയിൽ വ്യത്യസ്തങ്ങളായ ഭാഷകളും സംസ്കാരങ്ങളുമുള്ള ജനവിഭാഗങ്ങൾ പല രാഷ്ട്രീയ പാർട്ടികളുടെ കൈകളിൽ അധികാരം ഏൽപ്പിക്കുമെന്നും തെളിയിക്കുന്ന ഒരു സംഭവവികാസമായിരുന്നു 1967—ലെ നാലാം പൊതു തിരഞ്ഞെടുപ്പ്. പക്ഷേ എങ്ങനെയുള്ള ഗവൺമെൻറുകൾ അധികാരത്തിൽ വന്നാലും ഇൻഡ്യ ഒന്നാണെന്നും ഇൻഡ്യ അവിഭാജ്യമാണെന്നും ഏകരാഷ്ട്രമായിത്തന്നെ നിലകൊള്ളുമെന്നും തെളിയിക്കാൻ ശ്രീ. അണ്ണാദുരൈയ്ക്കു കഴിഞ്ഞു 1967—നു ശേഷം വിശാലഭാരതത്തിലെ രാഷ്ട്രീയ ജീവിതത്തിലേക്ക് കടന്നുവന്ന അദ്ദേഹം മഹാനായ ഒരു നേതാവാണെന്ന് രണ്ടുകൊല്ലക്കാലംകൊണ്ടുതെളിയിച്ചു. അദ്ദേഹത്തിൽ പ്രശോഭിച്ചിരുന്ന ഗുണവിശേഷങ്ങളെക്കുറിച്ച് ഞാൻ എണ്ണിയെണ്ണി പറയേണ്ടതില്ല. അദ്ദേഹത്തിന്റെ നിര്യാണത്തിൽ, വേർപാടിൽ, അന്ത്യയാത്രയിൽ ദക്ഷിണഭാരതം മാത്രമല്ല ഭാരതമാകെത്തന്നെ ഹൃദയം പൊട്ടി നെഞ്ഞു വേദനിച്ചു എന്നുള്ളത് നമ്മെയും ലോകത്തെത്തന്നെയും വേദനപ്പെടുത്തിയിട്ടുണ്ടെന്നാണ് എനിക്കു തോന്നുന്നത്. മഹാത്മാ ഗാന്ധിയുടെയും, പണ്ഡിററ് നെഹ്രുവിന്റെയും നിര്യാണത്തിൽ പോലും ഇത്രത്തോളം ഹൃദയം പൊട്ടിക്കരയുന്ന ഒരു ജനവിഭാഗത്തെ കണ്ടിട്ടുണ്ടോ എന്നു സംശയിച്ചു പോകത്തക്കവണ്ണം അത്രയേറെ ഹൃദയഭേദകമായ കാഴ്ചകളാണ് തമിഴ് നാട്ടിൽ മുഴുവനും നാം കണ്ടത്. ഇൻഡ്യയാസകലം അതുണ്ടായി എന്നു പറയുമ്പോൾ അദ്ദേഹത്തിന്റെ മഹത്വത്തെപ്പററി ചിന്തിക്കാവുന്നതേയുള്ളു. രണ്ടുകൊല്ലക്കാലം മഹാനായ മദ്രാസ് മുഖ്യമന്ത്രിയെന്നുള്ള നിലയിലും ഇൻഡ്യൻ ജനാധിപത്യത്തിന്റെ നിലനിൽപ്പിനുവേണ്ടി

LIBRARY ARCHIVES Kerala Legislative Assembly

യാതൊരുവിട്ടുവീഴ്ചയു മില്ലാതെ പോരാടിയ ഉന്നതനായ നേതാവെന്ന നില യിലും മദ്രാസിന്റെ മാത്രമല്ല ഇൻഡ്യയുടെ മുഴുവനും സ്നേഹാദരങ്ങൾ അദ്ദേഹം ആർജ്ജിച്ചിട്ടുണ്ട്. ശ്രീ. കരുണാകരൻ പറഞ്ഞതു പോലെ ഒരു മഹാനായ ഗാന്ധിഭക്തനായിരുന്നു അദ്ദേഹം അദ്ദേഹം തന്റെ വിദേശ പര്യടന വേളയിൽ ചെയ്ത പ്രസംഗങ്ങളെല്ലാം അദ്ദേഹത്തിന്റെ മാററ് അന്തർ രാഷ്ട്രീയരംഗത്ത് ഉയർത്തത്തക്കവണ്ണം തികഞ്ഞ രാജ്യതന്ത്രജ്ഞതയോടു കൂടിയ പയായിരുന്നു. നമ്മുടെ കുടുംബത്തിൽ ചില അഭിപ്രായ വ്യത്യാസങ്ങളെല്ലാം ഉണ്ടായിരിക്കുമെന്നു വരികിലും മററൊരു രാജ്യത്തിൽ പോകുമ്പോൾ നമ്മുടെ മാതൃഭൂമിയെസംബന്ധിച്ചും ഈ രാജ്യത്തിന്റെ താൽപ്പര്യത്തെ സംബന്ധിച്ചും ഉന്നതമായ ഒരു മാനദണ്ഡം പുലർത്തണമെന്നു വിളിച്ചു പറയുന്ന രംഗങ്ങളാണ് അദ്ദേഹത്തിന്റെ വിദേശ പര്യടന വേളയിൽ കാണിച്ചു തന്നത്. തികഞ്ഞ സ്നേഹസമ്പന്നനായ അദ്ദേഹം തന്റെ നാട്ടിലെ കഷ്ടപ്പെടുന്ന ജനവിഭാഗങ്ങൾക്കു വേണ്ടി സ്വന്തം ജീവിതം ഉഴിഞ്ഞുവച്ചു. ഒരു ത്യാഗിയെന്നുള്ള നിലയിൽ അദ്ദേഹം ജനകോടികളുടെ ഹൃദയങ്ങളെ കവർന്നു കഴിഞ്ഞിരുന്നു. വാസ്തവത്തിൽ അദ്ദേഹത്തെപ്പോലെയുള്ള നേതാക്കൻമാർ വളരെ ചുരുക്കമായിട്ടേ ഉള്ളു ഇൻഡ്യയെപ്പോലെയുള്ള ഒരു രാജ്യത്ത് സംസ്ഥാന പാർട്ടികൾക്ക് അതിന്റേതായ കടമകൾ നിറവേററാനുണ്ടെന്നും അതിനുള്ള മാർഗ്ഗദർശിത്വം എന്തായിരുന്നും അദ്ദേഹം കാണിച്ചു തന്നിട്ടുണ്ട്. സംസ്ഥാന പാർട്ടികളെ സംബന്ധിച്ചിടത്തോളം ശ്രീ അണ്ണാദുരൈ കാട്ടിത്തന്നിട്ടുള്ള മാർഗ്ഗം അടുത്ത പൊതുതിരഞ്ഞെടുപ്പോടു കൂടി പല സംസ്ഥാനങ്ങളിലും നമുക്കു കാണാൻ കഴിയും എന്നു ഞാൻ വിചാരിക്കുകയാണ് ഇങ്ങനെയുള്ള പല കാര്യങ്ങളിലും മാർഗ്ഗദർശിത്വം നൽകിയ നമ്മുടെ അയൽസംസ്ഥാനമായ തമിഴ്നാട്ടിലെ മുഖ്യമന്ത്രിയുടെ വേർപാടിൽ കേരളത്തിലെ ജനങ്ങളും ദുഖിക്കുന്നുണ്ടെന്നുള്ളതാണ് പരമാർത്ഥം. വാസ്തവത്തിൽ ശ്രീ. കരുണാകരൻ പറഞ്ഞതുപോലെ മററൊരു സംസ്ഥാന മുഖ്യമന്ത്രിയുടെയും ചരമത്തിൽ ലഭിക്കാത്തതു പോലെയുള്ള ആദരാഞ്ജലികളാണ് ഇൻഡ്യയിലെ എല്ലാ സംസ്ഥാനങ്ങളിലെയും ജനങ്ങളിൽ നിന്നും അദ്ദേഹത്തിന്റെ നിര്യാണവേളയിൽ ലഭിച്ചത്. ഇതിന്റെയെല്ലാം അടിസ്ഥാന കാരണം ഇതാണെന്നാണ് ഞാൻ വിശ്വസിക്കുന്നത്. ഈ മഹാനായ നേതാവിന്റെ വേർപാട് തെന്നിൻഡ്യയിലെ മാത്രമല്ല ഇൻഡ്യയിലെ ഒന്നടങ്കമുള്ള ജനവിഭാഗങ്ങളുടെ നഷ്ടമായിത്തീർന്നിരിക്കുന്നു എന്നുള്ളതിന് യാതൊരു സംശയവുമില്ല മഹാത്മാരായ ശ്രീ. കുഞ്ഞിരാമൻ മാസ്ററരുടെയും ശ്രീ. അണ്ണാദുരൈയുടെയും ഉത്തമങ്ങളായ ദൃഷ്ടാന്തങ്ങൾ രാഷ്ട്രീയ പ്രവർത്തകർ തീർച്ചയായും അംഗീകരിക്കുമെന്നു ഞാൻ വിശ്വസിക്കുകയാണ്. ഈ രണ്ടു മഹാത്മാരുടെയും നിര്യാണത്തിൽ അനുശോചിക്കുന്നതോടൊപ്പം സന്തപ്ത കുടുംബങ്ങളോട് അനുശോചനം പ്രകടിപ്പിക്കുകയും ഇവരുടെ ആത്മാവിന്റെ നിത്യ ശാന്തിക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

കൃഷിയും വിദ്യുച്ഛക്തിയും മന്ത്രി

(ശ്രീ. എം. എൻ. ഗോവിന്ദൻനായർ:)

സർ, ശ്രീ. കുഞ്ഞിരാമൻ മാസ്ററരുടെയും അണ്ണാദുരൈയുടെയും നിര്യാണത്തിൽ ഈ സഭ പ്രകടിപ്പിച്ച വികാരങ്ങളോട് ഞാൻ പൂർണ്ണമായും യോജിക്കുകയാണ്. ശ്രീ കുഞ്ഞിരാമൻ മാസ്ററരെ ഒരു സഹപ്രവർത്തകനെന്നുള്ള നിലയിൽ അറിയാനുള്ള ഭാഗ്യം എനിക്കുണ്ടായിട്ടുണ്ട്. ബഹുമാനപ്പെട്ട സഭാനേതാവും പ്രതിപക്ഷ നേതാക്കൻമാരും സൂചിപ്പിച്ചതു പോലെ ഇന്നാട്ടിലെ അവശത അനുഭവിക്കുന്ന വിഭാഗങ്ങളുടെ നേരെ ആത്മാർത്ഥമായ സേവനം സമർപ്പണം ചെയ്ത ഒരു വ്യക്തിയായിരുന്നു അദ്ദേഹമെന്ന് എനിക്കും അനുഭവപ്പെട്ടിട്ടുണ്ട്. സഭാനേതാവു പറ

ഞ്ഞതുപോലെ കുഞ്ഞിരാമൻ മാസ്ററർ ഒരു പ്രസ്ഥാനമായിരുന്നു. ആ പ്രസ്ഥാനത്തിൽ നിന്നും വ്യത്യസ്തമായി ശ്രീ. കുഞ്ഞിരാമൻ മാസ്ററെ ആർക്കും കാണാൻ കഴിയുകയില്ല. ഇരുപത്തിനാലു മണിക്കൂറും ആ പ്രസ്ഥാനത്തിനു വേണ്ടിയല്ലാതെ മറെറാന്നിനെപ്പററിയും ചിന്തിച്ചിരുന്നില്ല. ഉന്നതനായ ഒരു രാഷ്ട്രീയ പ്രവർത്തകനായിരുന്നു അദ്ദേഹം. അദ്ദേഹത്തിന്റെ നഷ്ടം മൂലം ഈ രാജ്യത്തുണ്ടായിട്ടുള്ള വിടവ് നികത്താൻ കഴിയാത്തതാണെന്ന് ഞാൻ എടുത്തു പറയേണ്ടതില്ല. അദ്ദേഹത്തിന്റെ ദേഹവിയോഗത്തിൽ സന്തപ്തരായിട്ടുള്ള അദ്ദേഹത്തിന്റെ കുടുംബത്തോടും മററു ജനവിഭാഗങ്ങളോടും എന്റെ അനുശോചനം രേഖപ്പെടുത്തുന്നു.

അതുപോലെതന്നെ ഇൻഡ്യൻ രാഷ്ട്രീയ മണ്ഡലത്തിൽ ഒരു തീരാത്ത നഷ്ടമാണ് ശ്രീ. അണ്ണാദുരൈയുടെ ദേഹവിയോഗം മൂലം ഉണ്ടായിട്ടുള്ളത്. രാജ്യ സഭയിലെ ഒരംഗമെന്നുള്ള നിലയിൽ, അദ്ദേഹത്തെ അറിയാനും അദ്ദേഹത്തിന്റെ പ്രസംഗങ്ങൾ കേൾക്കാനും എനിക്ക് അവസരമുണ്ടായിട്ടുണ്ട്. വിശേഷിച്ചും ആദ്യമായി അദ്ദേഹം രാജ്യസഭയിലേക്കു കടന്നുവന്ന ആ ദിവസം എനിക്ക് ഒരിക്കലും മറക്കാൻ കഴിയുകയില്ല. ഒരു സ്വതന്ത്ര ദ്രാവിഡസ്ഥാനു വേണ്ടി വാദിക്കുന്ന ആ നേതാവ് രാജ്യ സഭയിലേക്ക് വന്നപ്പോൾ, ശത്രുപ്പാളയത്തിലേക്ക് ഏകനായി ഒരു യോദ്ധാവു കടന്നുവന്ന സ്ഥിതി വിശേഷമാണ് അവിടെയുണ്ടായിരുന്നത് അനുകൂലമായിച്ചിന്തിക്കുന്ന വളരെയധികമാളുകൾ ആ സദസ്സിലുണ്ടായിരുന്നില്ല വിദ്വേഷവും വിരോധവുമാണ് പലരുടെയും മനസ്സിൽ മുന്തി നിന്നിരുന്നത്. വളരെ ആകാംക്ഷയോടു കൂടി അദ്ദേഹത്തിന്റെ പ്രസംഗം എല്ലാവരും ശ്രദ്ധിച്ചു. ആ സദസ്സിനെ മുഴുവൻ പരിപൂർണ്ണമായി കീഴ്പ്പെടുത്തിക്കൊണ്ടാണ് അദ്ദേഹം തന്റെ പ്രസംഗം അവസാനിപ്പിച്ചത്. പ്രസംഗം കഴിഞ്ഞു മെമ്പർമാർ ലോബിയിൽ കൂടി; അതിനു മുൻപ് ശ്രീ. അണ്ണാദുരയെപ്പററിയുണ്ടായിരുന്ന അഭിപ്രായത്തിൽ നിന്നു വളരെ വ്യത്യസ്തമായ അഭിപ്രായമാണ് അര മുക്കാൽ മണിക്കൂർ നേരത്തെ അദ്ദേഹത്തിന്റെ പ്രസംഗം കഴിഞ്ഞപ്പോൾ അവിടെയുണ്ടായത്.

അതിനുശേഷം, സ്റേററ് പോളിററിക്സിനെപ്പററി ചർച്ചചെയ്യുന്നതിനു വേണ്ടി രാജസ്ഥാനിൽവച്ച് ഒരു സെമിനാർ നടന്നു. അന്ന്, അതും വടക്കേയിൻഡ്യയിൽ, പ്രത്യേക തമിഴ്നാടു വേണമെന്നുള്ള വാദത്തോടുണ്ടായിരുന്ന എതിർപ്പ് ഊഹിക്കാവുന്നതാണ്. എല്ലാ സംസ്ഥാനങ്ങളിലെയും ആളുകൾ സംബന്ധിച്ചിരുന്ന സെമിനാറായിരുന്നു അത്. അവിടെയും തമിഴ്നാടിന്റെ കേസിനു ഭക്കാട്ടംവരാത്ത വിധത്തിൽ അദ്ദേഹം തന്റെ വാദഗതികൾ മുന്നോട്ട് വയ്ക്കുകയും "ഞങ്ങൾ യൂണിഫോമിററിക്കു വേണ്ടിയല്ല നിൽക്കുന്നത് ഞങ്ങൾ യൂണിററിക്കു വേണ്ടിയാണ് നിൽക്കുന്നത് " എന്നുള്ള മുദ്രാവാക്യം ആദ്യമായി ഉയർത്തുകയും ചെയ്തു, 'We stand for unity, but not for uniformity' എന്നു തറപ്പിച്ചു പറഞ്ഞ ആ നയപ്രഖ്യാപനമാണ് പിൽക്കാലങ്ങളിൽ അദ്ദേഹത്തിന്റെ രാഷ്ട്രീയ നയമായി മാറിയത്.

അദ്ദേഹം നേതൃത്വം ഏൽക്കുന്ന സന്ദർഭത്തിൽ മദ്രാസ് സംസ്ഥാനത്തു വളരെ പ്രകടമായിരുന്ന പ്രവണത ബ്രാഹ്മണ വിരോധമായിരുന്നു. ബ്രാഹ്മണവിരോധ പ്രസ്ഥാനത്തിന്റെ ഒരു നീണ്ട ചരിത്രംതന്നെ മദ്രാസ് സംസ്ഥാനത്തും മററു സംസ്ഥാനങ്ങളിലു മുണ്ടായിരുന്നുവെന്ന് ഞാൻ ഓർമ്മിപ്പിക്കേണ്ട കാര്യമില്ല. ബ്രാഹ്മണ മേധാവിത്വത്തിനു വഴങ്ങാതെ, ബ്രാഹ്മണ വിരോധത്തെ ക്രമേണ ഇല്ലായ്മ ചെയ്തു അവിടെയുള്ള വിഭിന്ന വിഭാഗങ്ങൾ തമ്മിൽ സൗമ്യമായ സമീപനമുണ്ടാകുന്നതിനുള്ള സാഹചര്യം സൃഷ്ടിച്ചത് ശ്രീ. അണ്ണാദുരയാണെന്ന കാര്യം ഞാൻ എടുത്തു പറയേണ്ടതില്ല.

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ ഈ രണ്ടുദാഹരണങ്ങൾ ചൂണ്ടിക്കാണിച്ചത്, ഒരു രാജ്യതന്ത്രജ്ഞനും രാഷ്ട്രീയനേതാവുമെന്നുള്ള നിലയിൽ സങ്കീർണ്ണമായ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്ന അവസരത്തിൽ ഒരു ജനതയെ എങ്ങനെ ശരിയായ മാർഗ്ഗത്തിലേക്കു നയിക്കാൻ കഴിയുമെന്നുള്ളതിന്റെ ഉദാഹരണമായിട്ടാണ്. അതുപോലെ ഒരു 'വില്ലാളിവീര'നെന്നുള്ള നിലയിൽ, സമരംചെയ്യുന്ന കാര്യത്തിൽ അദ്ദേഹത്തിനുള്ള സാമർത്ഥ്യം എടുത്തുകാണിച്ച ഒരു സന്ദർഭവും ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞാനാഗ്രഹിക്കുന്നു. വളരെയേറെ വിവാദപരമായ ഭാഷാപ്രശ്നം സംബന്ധിച്ച്, തെക്കേ ഇൻഡ്യയിലെ ഹിന്ദി സംസാരിക്കാത്ത ജനങ്ങളുടെ മുഴുവൻ വികാരങ്ങളെ അവഗണിച്ചുകൊണ്ട് തീരുമാനമെടുത്ത സന്ദർഭത്തിൽ ഡൽഹിയിൽ യാതൊരു പ്രകടനത്തിനും പ്രക്ഷോഭണത്തിനും അദ്ദേഹം പോയില്ല. പക്ഷേ തമിഴ് സംസാരിക്കുന്ന ജനതയെ മുഴുവൻ മദ്രാസിൽ ഒന്നിച്ചുകൂട്ടി—അദ്ദേഹത്തിന്റെ ചരമസന്ദർഭത്തിൽ കൂടിയതിൽ വളരെക്കുറവല്ലാത്ത ആൾക്കൂട്ടത്തെ അവിടെ വരുത്തി—ഇൻഡ്യൻ പ്രസിഡണ്ടിനെയും ക്ഷണിച്ചുവരുത്തി. നിയമസഭ ഏതാനും ദിവസം കഴിഞ്ഞു വിളിച്ചുകൂട്ടി. പരമാധികാരസഭയായ പാർലമെന്റിന്റെ തീരുമാനത്തിനു വിരുദ്ധമായിട്ടു ഏകകണ്ഠമായി പ്രമേയവം അംഗീകരിപ്പിച്ചു. പിന്നെ ഹിന്ദിഭാഷയുപയോഗിച്ചുകൊണ്ടുള്ള എൻ. സി. സി. വരെ വേണ്ടെന്നുവച്ചു. അങ്ങനെ ഭാഷാപരമായ കാര്യത്തിലുള്ള തന്റെ നയം എന്തെന്ന്, പ്രസംഗിക്കുകയല്ല, പ്രവൃത്തിയിലൂടെ കാണിച്ചുകൊടുത്ത് എതിരാളികളെ സ്തംഭിപ്പിച്ച ആ സംഭവം, അദ്ദേഹം എതിർക്കാനും പരാജയപ്പെടുത്താനും ആഗ്രഹിച്ച കാര്യങ്ങളെ എത്ര ധീരതയോടും എതിർക്കാൻകഴിഞ്ഞുവെന്നു വ്യക്തമാക്കിയിട്ടുണ്ട്. ഇത്തരത്തിലുള്ള കഴിവുകളും പ്രവണതകളും കാണിച്ചിട്ടുള്ള നേതാക്കൻമാർ നമ്മുടെ നാട്ടിൽ വേറെയും ഉണ്ടായിട്ടുണ്ട്. ഇനിയും ഉണ്ടായി എന്നും വരും. പക്ഷേ ഇതുപോലെ ജനതയുടെയാകെ ഉൽക്കടമായ സ്നേഹത്തിന് പാത്രമായിട്ടുള്ള—തങ്ങളുടെ സ്വന്തം ആളുകൾ മരിച്ചാലുണ്ടാകുന്നതിൽക്കവിഞ്ഞ വേദന ജനങ്ങൾക്കുണ്ടാകത്തക്കവണ്ണം ഇത്ര വളരെ സ്നേഹം സമ്പാദിക്കാൻ കഴിഞ്ഞിട്ടുള്ള—നേതാക്കൻമാർ ഉണ്ടായിട്ടുണ്ടോ എന്ന് എനിക്കു സംശയമാണ്. ഇനി ഉണ്ടാകുമോ എന്നും സംശയമാണ്. ജവഹർലാൽ നെഹ്റു മരിച്ചതിൽ അഗാധമായ ദുഃഖം ഇൻഡ്യൻ ജനതയ്ക്കാകമാനമുണ്ടായിരുന്നു. അദ്ദേഹം മരിച്ച സന്ദർഭത്തിൽ അവിടെയുണ്ടായിരുന്നതുകൊണ്ട്, അദ്ദേഹത്തിന്റെ ശവസംസ്കാരച്ചടങ്ങുകൾ കാണാൻ എനിക്കു കഴിഞ്ഞിട്ടുണ്ട്. ജനങ്ങൾ വാവിട്ടു കരഞ്ഞിട്ടുണ്ട്. പക്ഷേ തമിഴ് നാട്ടിൽ കണ്ടതുപോലെയുള്ള കരച്ചിലല്ല. ആളുകൾക്ക് അദ്ദേഹം മരിച്ചുകഴിഞ്ഞു. ജീവിച്ചിരിക്കുന്നു എന്നു തോന്നത്തക്കവണ്ണം, വിഷംകുടിച്ചു മരിക്കാൻവരെ ആളുകൾ തയ്യാറാകുന്ന അഗാധമായ ഒരു സ്നേഹം വളരെ വളരെ അപൂർവ്വമായി മാത്രം കാണാൻ കഴിയുന്ന ഒരു കാഴ്ചയാണ്. അതിനുള്ള കാരണങ്ങളെന്ത്, ന്യായങ്ങളെന്ത് എന്നുള്ളതിലേക്ക് ഞാനിപ്പോൾ കടക്കുന്നില്ല. അങ്ങനെ എല്ലാത്തരത്തിലും മഹാനായിരുന്ന അദ്ദേഹത്തിന്റെ നഷ്ടം തമിഴ്നാട്ടിനുമാത്രമുള്ള നഷ്ടമല്ല. വൈവിധ്യം നിറഞ്ഞ നമ്മുടെ നാട്ടിൽ, വൈരുധ്യങ്ങൾ നിറഞ്ഞ ഈ ഭാരതത്തിൽ, ഐക്യതയും ഭദ്രതയും പുലർത്തിക്കൊണ്ട് എങ്ങനെ പോകാൻ സാധിക്കും, ഏതുവഴിക്കാണ് നീങ്ങേണ്ടത എന്നുള്ളതിന്റെ ചൂണ്ടുപലകയായിരുന്നു ശ്രീ അണ്ണാദുരയുടെ നേതൃത്വമെന്ന് ഞാൻ ഈയവസരത്തിൽ പറയാനാഗ്രഹിക്കുന്നു. അതുകൊണ്ട് ഇന്ന് അദ്ദേഹത്തിന്റെ നഷ്ടം ഭാരതത്തിനാകെ വിശേഷിച്ച് തെന്നിന്ത്യയിലും തമിഴ്നാട്ടിലുമുള്ള ജനങ്ങൾക്ക് ഉണ്ടായ നഷ്ടമാണ്. അദ്ദേഹം നമ്മെ വേർപെട്ടുപോയെങ്കിലും നമ്മുടെ ഹൃദയങ്ങളിൽ ഇന്നും ജീവിക്കുന്ന ഒരു വ്യക്തിയായി, നമ്മുടെയെല്ലാവരുടെയും 'അണ്ണ'നായി അദ്ദേഹം തുടരുമെന്നുള്ള കാര്യത്തിൽ എനിക്കു സംശയ

2/750/S

LIBRARY ARCHIVES Kerala Legislative Assembly

മില്ല. അദ്ദേഹത്തിന്റെ ദേഹവിയോഗംമൂലമുണ്ടായിട്ടുള്ള ഈ ദുഃഖത്തിൽ അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളോടും തമിഴ്നാട്ടിലെ ജനതയോടും ഭാരതത്തിലാകമാനമുള്ള ദുഃഖിക്കുന്ന ജനങ്ങളോടുമൊപ്പം എന്റെയും ഖേദം രേഖപ്പെടുത്തിക്കൊള്ളുന്നു.

ശ്രീ. പി. രാമുണ്ണിക്കുറുപ്പ്: സർ, ബഹുമാന്യനായ ശ്രീ. കുഞ്ഞുരാമൻ മാസ്ററരുടെ നിര്യാണത്തിൽ വ്യസനം രേഖപ്പെടുത്തിക്കൊണ്ട് അങ്ങും സഭാനേതാവും ബഹുമാനപ്പെട്ട മററു പല അംഗങ്ങളും ഇവിടെ പ്രകടിപ്പിച്ച അഭിപ്രായങ്ങളോടു ഞാനും എന്റെ പാർട്ടിയും പരിപൂർണ്ണമായി യോജിക്കുകയാണ്. ശ്രീ. കുഞ്ഞുരാമൻ മാസ്ററരുമായി വളരെക്കുറച്ചുകാലത്തെ ബന്ധം മാത്രമേ എനിക്കുണ്ടായിട്ടുള്ളു. എന്നിരുന്നാലും ആ കാലഘട്ടങ്ങളിലൊക്കെ ഞാൻ അദ്ദേഹത്തിൽനിന്ന് പഠിക്കാനും മനസ്സിലാക്കാനും, സാധിക്കുമെങ്കിൽ അനുകരിക്കാനും ആഗ്രഹിച്ച ഒരു ഗുണവിശേഷം അദ്ദേഹത്തിനുണ്ടായിരുന്നു എന്നു പറയാൻ ഞാനാശിക്കുകയാണ്: അദ്ദേഹം ആ നാട്ടിലെ തികച്ചും ആജ്ഞാശക്തിയുള്ള ഒരു നേതാവായിരുന്നു. അതേയവസരത്തിൽത്തന്നെ പാർട്ടിയിലെ അനുസരണയുള്ള ഒരു സഖാവുമായിരുന്നു. ആ നിലയ്ക്ക് ഒരു നല്ല ജീവിതം രാഷ്ട്രീയ രംഗത്ത് നയിക്കുന്നതിന് അദ്ദേഹത്തിനു സാധിച്ചിരുന്നു. ഒരവസരത്തിൽ ഒരു പൊതുയോഗത്തിൽ സംബന്ധിക്കാൻ ഞാൻ പോയപ്പോൾ യോഗത്തിന്റെ സംഘാടകൻ അദ്ദേഹമായിരുന്നു. ഞാൻ അവിടെ കണ്ടത്, അദ്ദേഹം പറഞ്ഞാൽ അനുസരിക്കാൻ നിരവധി പ്രവർത്തകന്മാർ അവിടെയുണ്ടായിട്ടും അദ്ദേഹം എല്ലാ പ്രവർത്തനരംഗങ്ങളിലും ഓടിനടന്ന് സംഘാടനത്തിനുവേണ്ട സേവനങ്ങൾ ചെയ്യുന്നതാണ്. തന്റെ പദവിയെല്ലാം വിസ്മരിച്ചുകൊണ്ട് അദ്ദേഹം സേവനം നടത്താൻ തയ്യാറായിരുന്നു. പ്രവർത്തനരംഗത്ത് ഇറങ്ങി ഓരോന്നും കൈകാര്യം ചെയ്യുമ്പോൾ അദ്ദേഹം തന്നെത്തന്നെയും മറന്നുപോയിരുന്നു എന്നുള്ളത് സത്യമാണ്. അദ്ദേഹത്തെ കണ്ടാൽ രോഗമുണ്ടെന്ന് അറിയാം. സംസാരിക്കുന്നതു കേട്ടാൽ രോഗം ഉള്ളിൽ ഒതുക്കിവച്ചിരിക്കുകയാണെന്നറിയാം. പക്ഷേ ഉത്തരവാദിത്വം നിർവ്വഹിക്കുന്ന കാര്യത്തിലും സേവനത്തിന്റെ കാര്യത്തിലും നിന്ന് പിൻമാറാതെ മറെറല്ലാം അദ്ദേഹം ബോധപൂർവ്വം അവഗണിക്കുകയായിരുന്നു. കാരണം അദ്ദേഹത്തിന്റെ ജീവിതത്തിൽ പ്രാഥമികമായി ദർശിക്കാനുണ്ടായിരുന്നത് നാടിന്റെ ക്ഷേമവും താനുൾക്കൊള്ളുന്ന പ്രസ്ഥാനത്തിന്റെ വളർച്ചയുമായിരുന്നു. അനാരോഗ്യത്തെ പൂർണ്ണമായി അവഗണിച്ചുകൊണ്ടുള്ള തീവ്രമായ പ്രവർത്തനങ്ങൾ അദ്ദേഹത്തിന്റെ ജീവിതത്തെ നമ്മുടെയിടയിൽനിന്ന് കൊണ്ടുപോയി എന്നു കാണുമ്പോൾ വളരെയധികം വ്യസനിക്കേണ്ടിയിരിക്കുകയാണ്. അദ്ദേഹം നമ്മുടെ കുടുംബത്തിലെ ഒരംഗമാണ്. ആ നിലയിൽ അദ്ദേഹത്തിന്റെ ചരമത്തിൽ അദ്ദേഹത്തിന്റെ കുടുംബത്തോടൊപ്പം നാം വേദന പ്രകടിപ്പിക്കുകയാണ്. അദ്ദേഹത്തിന്റെ ആത്മാവിന് നിത്യശാന്തിയുണ്ടാകട്ടെയെന്ന് ഞാൻ പ്രാർത്ഥിക്കുന്നു.

ശ്രീ. അണ്ണാദുര മദിരാശിയിലെ മുഖ്യമന്ത്രിയെന്നുള്ള നിലയിൽ മാത്രമല്ല ഇൻഡ്യയ്ക്കാകമാനം നേതൃത്വം കൊടുക്കത്തക്കനിലയിൽ വളർന്നുവരികയായിരുന്നു. സൽഭരണത്തിന്റെ മൂർദ്ധന്യദശയിലെത്തിയപ്പോഴാണ് ഈ നാട്ടിൽനിന്നും അദ്ദേഹം യാത്രപറഞ്ഞുപിരിഞ്ഞത്. ഞാൻ അദ്ദേഹത്തിന്റെ ആത്മാർത്ഥതയെക്കുറിച്ച് പലപ്പോഴും ചിന്തിച്ചിട്ടുണ്ട്. മദിരാശി ഗവൺമെന്റുമായുള്ള നദീജലത്തർക്കത്തിൽ ഒരു തീരുമാനമെടുക്കുന്നതിനുവേണ്ടി ചർച്ചയ്ക്കുപോയ അവസരത്തിൽ നമ്മുടെ മുഖ്യമന്ത്രിയോടൊപ്പം ഞാനും പോയിരുന്നു. ഞങ്ങൾ അദ്ദേഹത്തിന്റെ വസതിയിൽപോയി അദ്ദേഹത്തെ സന്ദർശിക്കുകയുണ്ടായി. അപ്പോൾ അദ്ദേഹം വളരെ ക്ഷീണിതനായി

LIBRARY ARCHIVES Kerala Legislative Assembly

രുന്നു. ഡാക്ടർ അദ്ദേഹത്തെ പരിശോധിച്ചുകൊണ്ടിരുന്ന അവസരത്തിലാണ് ഞങ്ങൾ അവിടെ ചെന്നത്. ഡാക്ടറുടെ പരിശോധന കഴിഞ്ഞു പുറത്തു വന്ന ഉടനെ അദ്ദേഹം ഞങ്ങളോടു കുശലപ്രശ്നം ചെയ്തു. അദ്ദേഹം നമ്മുടെ മുഖ്യമന്ത്രിയോടു പറഞ്ഞത്, ഞാൻ സെക്രട്ടേറിയററിൽ പോയിതുടങ്ങിയില്ല, പുറത്ത് തീരെ പോകാറില്ല, എങ്കിലും ഇന്ന് ആദ്യമായി ഈ ചർച്ചയിൽ പങ്കെടുക്കാൻ സെക്രട്ടേറിയററിലേയ്ക്ക് വരാൻ തീരുമാനിച്ചിരിക്കുകയാണ് എന്നാണ്. അപ്പോഴും ആ നാട്ടിനോടുള്ള അദ്ദേഹത്തിന്റെ സ്നേഹവും അയൽ സംസ്ഥാനവുമായുള്ള തർക്കം പരിഹരിക്കുന്നതിലുള്ള ഉൽക്കണ്ഠയും വ്യക്തമായിരുന്നു. ചർച്ച നടക്കുന്ന അവസരത്തിലും സമാധാനപരമായ ഒരു യോജിപ്പുണ്ടാക്കാൻ അദ്ദേഹം പാടുപെട്ടിരുന്നുഎന്നുള്ളതാണ് യാഥാർത്ഥ്യം. വിട്ടുവീഴ്ചചെയ്യുന്ന കാര്യത്തിൽ മന്ത്രിരാശിയിലെ മററാരെക്കാളും അദ്ദേഹം മുൻപന്തിയിലായിരുന്നു എന്നുള്ള കാര്യം എനിക്കറിയാം. ആ തർക്കങ്ങൾ പൂർണ്ണമായും പരിഹരിക്കാൻ കഴിഞ്ഞില്ലെങ്കിലും പരിഹരിക്കാൻ ആവശ്യമായ പാതവെട്ടിത്തെളിക്കാൻ അദ്ദേഹത്തിനു സാധിച്ചു. അതുകൊണ്ട് ആ പ്രശ്നങ്ങൾ പരിഹരിക്കപ്പെടുമെന്നുതന്നെ നമുക്കു വിശ്വസിക്കാം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതുപോലെ അദ്ദേഹം പല കാര്യങ്ങളിലും ഒരു മാതൃകയായിരുന്നു. നല്ല ഒരു ഭരണാധികാരി, നല്ല ഒരു പ്രാസംഗികൻ, നല്ല ഒരു പണ്ഡിതൻ എന്നീ നിലകളിൽ അദ്ദേഹം പ്രമുഖനായിരുന്നു. ഈ കാര്യങ്ങളിൽ അദ്ദേഹം ഇൻഡ്യയിലെ രാഷ്ട്രീയനേതാക്കൻമാർക്ക് ഒരു മാതൃകയായിരുന്നു. ആരെയും ആകർഷിക്കുന്നതരത്തിലുള്ള വിനയം അദ്ദേഹത്തെ ഇൻഡ്യയിലെ ഒരു രാഷ്ട്രീയകക്ഷിയുടെ പ്രമുഖനായ നേതാവാക്കിത്തീർത്തു എന്നുള്ളതാണ് വസ്തുത. വിനയമായ പെരുമാററവും ആകർഷണീയമായ സഹിഷ്ണതയുമാണ് ഇൻഡ്യയിലെ ഏററവും ഉന്നതനായ വ്യക്തിയാക്കി അദ്ദേഹത്തെ മാററിയത്. ആ ഓർമ്മകളാണ് ഇൻഡ്യയ്ക്ക് ആകമാനം വേദന നൽകുന്ന ഒരു സാഹചര്യം സൃഷ്ടിച്ചത്. ഇത് അദ്ദേഹത്തിന്റെ മാതൃകാപരമായ പെരുമാററത്തിന് ഒരു തെളിവാണ്. അദ്ദേഹത്തിന്റെ വേർപാടുകൊണ്ടു വേദനിക്കുന്ന ഇൻഡ്യയിലെ പ്രത്യേകിച്ച തമിഴ്നാട്ടിലെ ജനങ്ങളോടൊപ്പം ഞാനും എന്റെ പാർട്ടിയും അനുശോചനം രേഖപ്പെടുത്തുകയാണ്.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി: സർ, അങ്ങും ബഹുമാനപ്പെട്ട സഭാനേതാവും മററു പാർട്ടിനേതാക്കൻമാരും, നമ്മിൽനിന്നും മറഞ്ഞുപോയ രണ്ടു മഹത്വ്യക്തികളെക്കുറിച്ച് പറഞ്ഞതിനോട് ഞാനും എന്റെ പാർട്ടിയും പരിപൂർണ്ണമായി യോജിക്കുകയാണ്. ശ്രീമാൻ കുഞ്ഞുരാമൻ മാസ്ററും ഞാനുമായി 954 മുതൽ പരിചയമുണ്ട്. അദ്ദേഹം മലബാർ ജില്ലാ ബോർഡിൽ ഒരംഗമായിരുന്ന കാലത്ത് അദ്ദേഹവുമായി വളരെ അടുത്ത് ഇടപഴകി പ്രവർത്തിക്കുവാൻ എനിക്ക് അവസരമുണ്ടായിട്ടുണ്ട്. അദ്ദേഹത്തെക്കുറിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞ അഭിപ്രായം, അദ്ദേഹം തന്റെ നാട്ടിലെ സാധാരണക്കാരനുവേണ്ടി പ്രവർത്തിക്കുകയായിരുന്നു എന്നാണ്. അതായിരുന്നു അദ്ദേഹത്തിന്റെ ജീവിതലക്ഷ്യവും. സാധാരണക്കാരന്റെ പ്രവർത്തനങ്ങളുമായി ഇണങ്ങിച്ചേർന്ന് അവരുടെ പ്രശ്നങ്ങൾ പരിഹരിക്കുകയാണ് തന്റെ ജീവിതത്തിലെ നല്ല കൃത്യമെന്നു കരുതി അതിനുവേണ്ടി പ്രവർത്തിച്ച വ്യക്തിയായിരുന്നു ശ്രീമാൻ കുഞ്ഞിരാമൻ മാസ്ററർ. അദ്ദേഹത്തിന്റെ സേവനം ഈ നിയമസഭയിൽ വളരെക്കാലമുണ്ടായില്ല എന്നുള്ളത് വളരെ ഖേദകരമായ ഒരു വസ്തുതയാണ്. അദ്ദേഹം ഈ നിയമസഭയിൽ കുറച്ചുകാലം കൂടി ഉണ്ടായിരുന്നെങ്കിൽ തീർച്ചയായും ഈ സഭയിലെ എല്ലാവിഭാഗം ആളുകളേയും ചിന്തിപ്പിക്കാൻ പററിയ വിധത്തിലുള്ള പ്രവർത്തനങ്ങൾ നടത്തുമായിരുന്നു എന്നു വിശ്വസിക്കുന്ന ആളാണ് ഞാൻ. അദ്ദേഹത്തിന്റെ ആകെയുള്ള സമ്പാദ്യമെന്താണെന്നു ചോദിച്ചാൽ ജനസ്നേഹവും ജനവിശ്വാസവും മാത്രമായിരുന്നു. അതു

മാത്രമാണ് നിത്യമായിട്ടുള്ളതും. അദ്ദേഹത്തിന്റെ വിയോഗംമൂലം ദുഖംഅനുഭവിക്കുന്ന കുടുംബത്തോട് ഞാനും എന്റെ പാർട്ടിയും വ്യസനം രേഖപ്പെടുത്തുകയാണ്.

സർ, പരേതനായ അണ്ണാദുരയ്ക്ക് ഒരു സംസ്ഥാനത്തിന്റെ മുഖ്യമന്ത്രി എന്നുള്ളതിനേക്കാൾ ഉപരിയായ ബഹുമതി ഇൻഡ്യയിലെ എല്ലാവിഭാഗം ജനങ്ങളും നൽകിക്കഴിഞ്ഞിട്ടുണ്ട്. തമിഴ് സംസാരിക്കുന്ന ജനങ്ങൾ തിങ്ങി താമസിക്കുന്ന മഹാരാഷ്ട്ര, വെസ്റ്റ് ബംഗാൾ മുതലായ സംസ്ഥാനങ്ങൾക്കു പുറമേ ഇൻഡ്യയ്ക്കു പുറത്ത് സിങ്കപ്പൂരിലും മററുമുള്ള തമിഴ് സംസാരിക്കുന്ന ആളുകളും അദ്ദേഹത്തിന്റെ ദേഹവിയോഗത്തിൽ ഇന്ന് ദു:ഖിതരായിത്തീർന്നിരിക്കുകയാണ്. അവർക്കുള്ള വ്യസനം അവർ പ്രകടിപ്പിച്ചിട്ടുണ്ട്. മാത്രമല്ല, മദിരാശിയിൽ ഏതു ചേരിയിൽ ചെന്നുനോക്കിയാലും അണ്ണായുടെ ഫോട്ടോയും അതിൽ ചാർത്തിയ മാലയും നമുക്കു കാണാൻ സാധിക്കും. അദ്ദേഹം ജീവിച്ചിരുന്ന കാലത്തുതന്നെ ഇതുപോലുള്ള ബഹുമതി അദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്. ഇതിൽനിന്നും മനസ്സിലാകുന്നത് അദ്ദേഹം ഒരു വ്യക്തിയല്ലെന്നും ഒരു മഹൽപ്രസ്ഥാനമാണെന്നും ആ മഹൽപ്രസ്ഥാനം ആ നാട്ടിലെ ജനങ്ങളുടെ ഹൃദയങ്ങളിലേയ്ക്ക് ഇണങ്ങിച്ചേർന്നിരിക്കുന്നു എന്നുമാണ്. അദ്ദേഹത്തിന്റെ വിയോഗം വാസ്തവത്തിൽ ഈ നാട്ടിന് ഒരു തീരാനഷ്ടമാണ്. എന്റെ പാർട്ടിയെ സംബന്ധിച്ചിടത്തോളമാണെങ്കിൽ മദിരാശിയിൽ അദ്ദേഹം മുഖ്യമന്ത്രിയായി വരുന്നതിനു മുമ്പുതന്നെ എന്റെ പാർട്ടിയുമായി കൂടുതൽ അടുപ്പം പുലർത്തുകയും അവിടത്തെ കാർപ്പറേഷൻ തെരഞ്ഞെടുപ്പുകളിലെല്ലാംതന്നെ ന്യൂനപക്ഷതാൽപ്പര്യങ്ങൾ സംരക്ഷിക്കുകയെന്നുള്ള തത്വം മുറുകെ പിടിച്ചുകൊണ്ട് പ്രവർത്തിക്കുകയും ചെയ്തിട്ടുണ്ട്. അങ്ങനെ അദ്ദേഹം എന്റെ പാർട്ടിയുമായി വളരെയധികം ബന്ധപ്പെട്ടിട്ടുണ്ടെന്നുള്ള വസ്തുത ഞാൻ ഈ അവസരത്തിൽ സ്മരിക്കുകയാണ്. സർ, അദ്ദേഹത്തിന്റെ ദേഹവിയോഗത്തിൽ ഇവിടെ പ്രകടിപ്പിച്ച എല്ലാ വികാരങ്ങളോടും ഞാനും എന്റെ പാർട്ടിയും പങ്കുചേരുന്നതോടൊപ്പം ശോകമൂകരായി കഴിയുന്ന മദിരാശിയിലെ ജനലക്ഷങ്ങളുടെ വ്യസനത്തിൽ പങ്കുചേരുകയും ചെയ്യുന്നു

ശ്രീ. ബേബി ജോൺ: സർ, ബഹുമാനപ്പെട്ട കുഞ്ഞൂരാമൻ മാസ്ററുടേയും ശ്രീ. അണ്ണാദുരയുടേയും ദേഹവിയോഗത്തിൽ അനുശോചനം രേഖപ്പെടുത്തിക്കൊണ്ട് ഇവിടെ പ്രകടിപ്പിച്ച എല്ലാ വികാരങ്ങളോടും എന്റെ പാർട്ടി പരിപൂർണ്ണമായി യോജിക്കുകയാണ്. ശ്രീമാൻ കുഞ്ഞുരാമൻ മാസ്ററെ വളരെ കൂടുതൽ അടുത്തു പരിചയപ്പെടാനുള്ള അവസരം എനിക്കുണ്ടായിരുന്നില്ലെങ്കിലും അദ്ദേഹത്തെക്കുറിച്ച് കുറച്ചൊക്കെ അറിയാനുള്ള അവസരം എനിക്കുണ്ടായിരുന്നു. 1964ൽ ഒരു വർഷം എനിക്ക് പാലക്കാട്ട് താമസിക്കേണ്ട ഒരു ആവശ്യമുണ്ടായി. അന്ന് ശ്രീ. കുഞ്ഞുരാമൻ മാസ്ററെപ്പററി എനിക്ക് അറിയാനും പഠിക്കാനും സാധിച്ചു. ആ തെരുവുകളിൽ താമസിക്കുന്ന ജനസമൂഹത്തിന്റെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിലും അദ്ദേഹം വിശ്വസിക്കുന്ന സാമൂഹ്യഘടന കെട്ടിപ്പടുക്കുന്നതിനുള്ള നിസ്വാർത്ഥമായ പരിപാടിയിലും മുഴുകിയിരിക്കുന്ന കാഴ്ചയാണ് എനിക്ക് കാണാൻ സാധിച്ചത്. അദ്ദേഹത്തിന്റെ ആ പ്രവർത്തനങ്ങൾ എന്നെയും ഒരു പരിധിവരെ ആകർഷിച്ചിരുന്നു എന്നു പറയാൻ ഞാൻ മടിക്കുന്നില്ല. അദ്ദേഹത്തിന്റെ ഗുണങ്ങളെ സംബന്ധിച്ച് പലരും ഇവിടെ പറഞ്ഞുകഴിഞ്ഞു. ഈ രാജ്യത്തെ ഇടതുപക്ഷ പ്രസ്ഥാനത്തിനും സോഷ്യലിസ്ററു പ്രസ്ഥാനത്തിനും ആകെ ഉണ്ടായിട്ടുള്ള ഒരു നഷ്ടമാണ് ശ്രീ. കഞ്ഞുരാമൻ മാസ്ററുടെ നിര്യാണംമൂലം ഉണ്ടായിട്ടുള്ളത് എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഇതുപോലുള്ള നിസ്വാർത്ഥസേവനമനുഷ്ഠിക്കുന്ന ഉന്നത വ്യക്തികൾ രാജ്യത്ത് ആവശ്യമായിരിക്കുന്ന കാലഘട്ടത്തിലാണ് ശ്രീ കുഞ്ഞിരാമൻ മാസ്ററുടെ നിര്യാണം ഉണ്ടായിരിക്കുന്നത് എന്നുള്ളത് ഖേദകരമാണ്. അദ്ദേഹത്തിന്റെ നിര്യാണത്തിൽ ഈ സഭ പ്രകടിപ്പിച്ച വികാരങ്ങളോട് ഞാൻ പൂർണ്ണമായും യോജിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

സർ, നമ്മുടെ അയൽസംസ്ഥാനമായ മദ്രാസിലെ മുഖ്യമന്ത്രിയായിരുന്ന ശ്രീ. അണ്ണാദുരയുടെ ദേഹവിയോഗത്തിൽ അങ്ങ് വികാരഭരിതനായി പ്രകടിപ്പിച്ച എല്ലാ അഭിപ്രായങ്ങളോടും ഞാൻ യോജിക്കുകയാണ്. ശ്രീ. അണ്ണാദുര പ്രമുഖനായ ഒരു രാജ്യതന്ത്രജ്ഞനായിരുന്നു. കർമ്മധീരനായ ഒരു ഭരണാധികാരിയായിരുന്നു. നിസ്വാർത്ഥമായ സേവനംകൊണ്ട് ജനലക്ഷങ്ങളുടെ സ്നേഹാദരങ്ങൾ സമ്പാദിച്ച മഹാനായ ഒരു നേതാവായിരുന്നു. ശ്രീ. അണ്ണാദുര ദ്രാവിഡസംസ്ക്കാരത്തിന്റെ നവോത്ഥാനത്തിനുവേണ്ടി പരമാവധി പരിശ്രമിച്ച ഒരു നേതാവായിരുന്നു. അദ്ദേഹം ഒരു ദേശീയനേതാവായി ഉയർന്നതിനെക്കുറിച്ചൊക്കെ ഇവിടെ പ്രതിപാദിച്ചു കഴിഞ്ഞു. അദ്ദേഹം ആദ്യംമുതൽ തന്നെ ഒരു ദേശീയനേതാവായിരുന്നു എന്ന അഭിപ്രായമാണ് സർ എനിക്കുണ്ടായിരുന്നത്. ദേശീയനേതൃത്വത്തിന്റെ പേരിൽ സങ്കുചിതമായ പ്രാദേശികചിന്താഗതികൾ വച്ചു പുലർത്തുകയും ചില പ്രത്യേക വിഭാഗങ്ങളെ പ്രത്യേക ആധിപത്യത്തിൻകീഴിൽ കൊണ്ടുവരുകയും ചെയ്യുന്നതിനുള്ള സംരംഭങ്ങളെ വളരെ ശക്തിയായി, വീറോടുകൂടി എതിർത്തു പരാജയപ്പെടുത്താൻ ശ്രമിച്ച ഒരു ദേശീയ നേതാവായിരുന്നു അദ്ദേഹം. ദ്രാവിഡനാട് എന്ന മുദ്രാവാക്യം മുഴക്കുന്ന അവസരത്തിൽ അഗാധമായ ദേശസ്നേഹം അദ്ദേഹത്തിൽ കുടികൊണ്ടിരുന്നു. ഇൻഡ്യയുടെ ദേശീയനേതൃത്വം സങ്കുചിതമായ പ്രാദേശികചിന്താഗതി വച്ചുകൊണ്ട് ചില സംസ്ഥാനങ്ങളുടെ മേൽ ചില പ്രത്യേക ആധിപത്യം ചുമത്താൻ ശ്രമിച്ച അവസരത്തിൽ ഇൻഡ്യയിലെ വിവിധ ചിന്താഗതികൾക്കുവേണ്ടി വിശാലമായ എതിർപ്പുകളിലൂടെ ഇൻഡ്യൻ ദേശീയതയുടെ തകരാറുകൾ ചൂണ്ടിക്കാണിക്കാൻ പരിശ്രമിച്ച ധീരനായ ഒരാളായിരുന്നു ശ്രീ. അണ്ണാദുര. നമ്മുടെ രാജ്യത്ത് ജനങ്ങളോട് ദേശീയ ഐക്യത്തെക്കുറിച്ച് അദ്ദേഹം പറഞ്ഞു. എന്താണ് ഈ ദേശീയ ഐക്യം? പൊതുവായ ഒരു ഇൻഡ്യയുടെ ചിത്രം കാണിച്ചുകൊടുക്കുന്നതിന് അദ്ദേഹം പരിശ്രമിച്ചു. ഭാഷയുടെ പേരിൽ സംസ്ഥാനങ്ങളുടെ മേൽ ആധിപത്യം സ്ഥാപിക്കാൻ ശ്രമിച്ച ദേശീയനേതൃത്വം സങ്കുചിതമായ ചിന്താഗതി ഉള്ളിൽവച്ചുകൊണ്ട് വിശാലമായ ചിന്താഗതിയെക്കുറിച്ചും ദേശീയ ഐക്യത്തെക്കുറിച്ചും പ്രസംഗിക്കുന്നതുകൊണ്ടു കാര്യമില്ലെന്നും യാഥാർത്ഥ്യങ്ങളിലേയ്ക്ക് ഇറങ്ങിച്ചെന്ന് യാഥാർത്ഥ്യങ്ങൾ മനസ്സിലാക്കി എല്ലാ സംസ്ഥാനങ്ങൾക്കും എല്ലാ സംസ്ക്കാരങ്ങൾക്കും എല്ലാ ഭാഷകൾക്കും തുല്യപദവി നൽകണമെന്നും അങ്ങനെ ഒരു ചിന്താഗതിക്കുമാത്രമേ ശരിയായ ഒരുദേശീയബോധം ജനങ്ങളിൽ വളർത്തിയെടുക്കാൻ സാധിക്കുകയുള്ളുവെന്നും വാദിച്ച പ്രഗത്ഭനായ ഒരു വ്യക്തിയായിരുന്നു ശ്രീ. അണ്ണാദുര. അദ്ദേഹത്തിന്റെ വിയോഗം തമിഴുനാടിനു മാത്രമുണ്ടായ ഒരു നഷ്ടമല്ല; തെക്കേഇൻഡ്യയ്ക്കുമാത്രമുണ്ടായ ഒരു നഷ്ടമല്ല ഇൻഡ്യയുടെ പൊതുജീവിതത്തിൽ, ഇൻഡ്യയുടെ ദേശീയ നേതൃത്വത്തിന് ആകെയുണ്ടായ ഒരു നഷ്ടമാണ്. അദ്ദേഹത്തിന്റെ ദേഹവിയോഗത്തിൽ ഇവിടെ പ്രകടിപ്പിച്ച എല്ലാ വികാരങ്ങളോടും യോജിച്ച് എന്റെ പാർട്ടിയുടെ അനുശോചനം രേഖപ്പെടുത്തിക്കൊള്ളുന്നു.

ശ്രീ. കെ. എ. ശിവരാമഭാരതി: ബഹുമാനപ്പെട്ട സ്പീക്കറും സഭാനേതാവും മററു പാർട്ടിനേതാക്കൻമാരും ഇവിടെ പ്രകടിപ്പിച്ച എല്ലാ അഭിപ്രായങ്ങളോടും ഞാനും എന്റെ പാർട്ടിയും യോജിക്കുന്നു. ബഹുമാനപ്പെട്ട

10 A.M. കുഞ്ഞിരാമൻ മാസ്ററുമായി വളരെയധികം അടുത്തു പരിചയപ്പെടാൻ സാധിച്ചിട്ടില്ലെങ്കിലും ഏതാനും ചില വർഷങ്ങൾ കൊണ്ടു സിദ്ധിച്ച ചില അനുഭവങ്ങളെക്കുറിച്ച് ഒന്നുരണ്ടു വാക്കു പറയാൻ ഞാൻ ഈ അവസരം ഉപയോഗിക്കുകയാണ്. അദ്ദേഹത്തിന്റെ ഇതുവരെയുള്ള പ്രവർത്തനങ്ങൾ മുഴുവനും ശരിയാണ് എന്നല്ലാതെ വേറൊരഭിപ്രായം പറയാൻ സാദ്ധ്യമല്ലെന്നാണ് എന്റെവിശ്വാസം. ബഹുമാനപ്പെട്ട കുഞ്ഞിരാമൻമാസ്ററർ "മാസ്ററർ" എന്നുള്ള പേരിലാണ് വാസ്തവത്തിൽ അറിയപ്പെടുന്നത്. പാലക്കാട്ടോ അല്ലെ

കിൽ പരിസരപ്രദേശങ്ങളിലോ എവിടെയെങ്കിലും ചെന്ന് മാസ്ററരെ കണ്ടോ എന്നു ചോദിച്ചാൽ അത് കുഞ്ഞിരാമൻമാസ്ററരെ കണ്ടോ എന്നാണ് ആളുകൾ ധരിക്കുക. അങ്ങനെ മാസ്ററർ എന്നുള്ള പേരിലും വളരെയധികം വ്യക്തിമുദ്ര പതിപ്പിച്ച ആളായിരുന്നു അദ്ദേഹം. അദ്ദേഹത്തിന് നേരിട്ടിട്ടുള്ള ബുദ്ധിമുട്ടുകളും വിഷമതകളും ചിലപ്പോഴൊക്കെ എനിക്ക് നേരിട്ടനുഭവപ്പെട്ടിട്ടുണ്ട്. ഒരവസരത്തിൽ, അതായത് കേരള ബന്ദ് സംഘടിപ്പിച്ച് പ്രവർത്തനം നടത്തുന്ന അവസരത്തിൽ കുഞ്ഞിരാമൻ മാസ്ററരോടൊപ്പം തന്നെ ഞാനും മററുപല പ്രവർത്തകൻമാരും പാലക്കാട്ട് അങ്ങാടിയിൽകൂടി മാർച്ചുചെയ്തുപോയപ്പോൾ ഒരു ഭയങ്കരമായ ഏററുമുട്ടലുണ്ടായ സംഭവം ഇപ്പോഴും ഞാൻ ഓർക്കുകയാണ്. അന്ന് ഞങ്ങളോടൊപ്പമുണ്ടായിരുന്ന കുഞ്ഞിരാമൻമാസ്ററരെത്തന്നെ (അദ്ദേഹത്തിനോട് വ്യക്തിപരമായി വല്ല പ്രത്യേക ഉദ്ദേശമുള്ളതുകൊണ്ടാണോ എന്നെനിക്ക് നിശ്ചയമില്ല) തിരഞ്ഞുപിടിച്ച് മർദ്ദിച്ച സംഭവം ഞാൻ ഇപ്പോഴും എന്റെ കൺമുന്നിൽ കാണുകയാണ്. എത്രയൊക്കെ മർദ്ദനം നടന്നിട്ടും അദ്ദേഹം അതെല്ലാം സഹിച്ചുകൊണ്ടുനിന്ന കാഴ്ചയും എനിക്ക് മറക്കാൻ കഴിയുന്നില്ല. ഇങ്ങനെ ഏതുതരത്തിലുള്ള സംഭവങ്ങളെയും സധൈര്യം നേരിടുന്നതിനുള്ള ചങ്കൂററത്തോടുകൂടി വളരെയധികം ആളുകൾ മുന്നോട്ടുവരികയില്ലെന്നാണ് എന്റെ വിശ്വാസം. അദ്ദേഹത്തിന്റെ ദേഹവിയോഗംമൂലം അദ്ദേഹത്തിന്റെ കുടുംബാംഗങ്ങൾക്ക് മാത്രമല്ല, അദ്ദേഹത്തിന്റെ നിയോജകമണ്ഡലത്തിലുള്ള ആളുകൾക്കും കേരളത്തിലുള്ള മുഴുവൻ ജനങ്ങൾക്കും ഖേദമുണ്ട്. അദ്ദേഹത്തിന്റെ ദേഹവിയോഗം സംഭവിച്ചതുതന്നെ എന്റെ അഭിപ്രായത്തിൽ പൊതുരംഗത്തുള്ള തുടർച്ചയായ പ്രവർത്തനം കൊണ്ടാണ്. പട്ടിണിയും പാടുമായി രാത്രിയുമില്ല പകലുമില്ല എന്നുള്ള നിലയിൽ യാതൊരു വിശ്രമവുമില്ലാതെയുള്ള പ്രവർത്തനമാണ് അദ്ദേഹത്തെ ഈ നിലയിൽ എത്തിച്ചത് എന്നാണ് എനിക്കു പറയാനുള്ളത്. അദ്ദേഹത്തിന്റെ നിര്യാണംമൂലമുണ്ടായിട്ടുള്ള വിടവുനികത്താൻ നമുക്ക് വളരെയധികം പ്രയത്നിച്ചാൽ മാത്രമേ സാധിക്കൂ എന്നാണെന്റെ വിശ്വാസം. അദ്ദേഹത്തിന്റെ നിര്യാണംമൂലം എനിക്കും എന്റെ പാർട്ടിക്കുമുള്ള ഖേദം ഞാൻ രേഖപ്പെടുത്തുകയാണ്.

അതേ അവസരത്തിൽ ബഹുമാനപ്പെട്ട അണ്ണാദുരയുടെ നിര്യാണംമൂലം മറെറാരു ഭീമമായ നഷ്ടവും ഇന്ന് ഇൻഡ്യയൊട്ടുക്ക് ഉണ്ടായിട്ടുണ്ട്. ഇന്നലെ വരെ തമിഴ് പഠിക്കുകയും മനസ്സിലാക്കുകയും ചെയ്തിട്ടുള്ള ആളുകൾക്കു വരെ പുത്തരിയായിട്ടുള്ള വളരെയധികം പദങ്ങൾ ഉണ്ടാക്കുകയും അവയെ പുരോഗതിയിലേക്ക് എത്തിക്കുകയും ചെയ്യാൻ ശ്രീ. അണ്ണാദുരയും അദ്ദേഹത്തിന്റെ അനുയായികളും പരിശ്രമിക്കുകയും അതുവിജയിക്കുകയും ചെയ്തിട്ടുണ്ട് എന്നു പറയാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. ഇൻഡ്യയിൽ ഭാഷാസംസ്ഥാനങ്ങൾ ഉണ്ടായപ്പോൾ, തമിഴ്ഭാഷയിൽതന്നെ അവിടത്തെ ഭരണം നടത്തുമെന്ന് പറഞ്ഞത് ഒരതിർത്തിവരെയെങ്കിലും അദ്ദേഹം സാക്ഷാത്ക്കരിച്ചിട്ടുണ്ട്. തെന്നിന്ത്യയെ സംബന്ധിച്ചിടത്തോളം അത് പ്രാവർത്തികമാക്കിയിട്ടുള്ള ഒരു സ്റേററ് തമിഴുനാടാണ്. തമിഴുനാടിന് മറെറാരു സവിശേഷതകൂടിയുണ്ട്. ശ്രീ. അണ്ണാദുര മുഖ്യമന്ത്രിയായതിനു ശേഷം അവിടെയുള്ള ആളുകൾക്കുമാത്രമല്ല ഇൻഡ്യയിലുള്ള ജനങ്ങൾക്കുംകൂടി മറക്കാൻസാധിക്കാത്ത ഒരു കാര്യം ഉണ്ടായി. അതായത് ആ സ്റേററിന്റെ പേരുതന്നെ അങ്ങുമാററി. ഇന്നലെവരെ മദ്രാസ് സ്റേററായിരുന്നത് ഇന്ന് തമിഴ്നാടായി. അതിനുവേണ്ടിയുള്ള അദ്ദേഹത്തിന്റെ ശ്രമം 100 ശതമാനവും വിജയിക്കുകതന്നെ ചെയ്തു. അവിടെയുള്ള സാധാരണ ജനങ്ങളൊക്കെ ഇന്ന് അണ്ണാദുരയുടെ ആൾക്കാരാണ് ഈ രാജ്യത്ത് വർണ്ണമേധാവിത്വം ഉണ്ടായിരുന്ന അവസരത്തിൽ അതിനെതിരായി പ്രവർത്തനം നടത്താൻ നേതൃത്വം നൽകിയത്

ശ്രീ. അണ്ണാദുരയാണ്. അദ്ദേഹം വർണ്ണമേധാവിത്വത്തിനെതിരായി ശക്തിയായ സമരംതന്നെ നടത്തി. അതിന്റെ ഫലമായാണ് അദ്ദേഹം പാവങ്ങളുടെ പടത്തലവനാണെന്ന അഭിപ്രായമുണ്ടായത്. ഈ മാതിരിയുള്ള പ്രവർത്തനങ്ങളിൽക്കൂടിയാണ് അദ്ദേഹം അണ്ണാ ആയത്. അദ്ദേഹം ഇന്ന് തമിഴ്നാട്ടിലുള്ളവർക്കു മാത്രം അണ്ണാ അല്ല. ഇന്ത്യയിലുള്ള എല്ലാ ആളുകളും ഇന്ന് അണ്ണാ എന്നുള്ള പേരിലാണ് അദ്ദേഹത്തെ അറിയുന്നത്. അതുപോലെതന്നെ വിദേശങ്ങളിലും അണ്ണാ എന്നുള്ള പേരിൽ അദ്ദേഹം പ്രശസ്തിയാർജ്ജിച്ചിട്ടുണ്ട്. അങ്ങനെ അദ്ദേഹം ഇന്ത്യയിലും പുറത്തും വളരെയധികം പ്രശസ്തി സമ്പാദിച്ചിട്ടുണ്ട്. അദ്ദേഹം ചെയ്തിട്ടുള്ള പ്രവർത്തനങ്ങൾ നമുക്കാർക്കും സ്മരിക്കാതിരിക്കാൻ സാദ്ധ്യമല്ല. എല്ലാംകൊണ്ടുംതന്നെ അദ്ദേഹം ഒരു മാതൃകയായിരിക്കും. അദ്ദേഹത്തിന്റെ ദേഹവിയോഗത്തിൽ തമിഴ്നാട്ടിലെ ജനങ്ങൾ ഖേദിക്കുന്നതുപോലെതന്നെ കേരളത്തിലെ ജനങ്ങൾക്കും ഖേദമുണ്ട്.

ஸ்ரீ. என். கணபதி: ஸர், இந்த சபையில் மெம்பரான திரு. குஞ்சுராமன் மாஸ்டர் அவர்கள் சிவலோக பதவி அடைந்துள்ளமைக்கு நமது சபாநாயகர், சபைத்தலைவர், எனது கட்சித் தலைவர் மற்றும் முக்கியஸ்தர்கள் கூறி துக்கம் தெரிவித்தபடி நானும் எனது துக்கத்தையும் ஆதரவையும் தெரிவித்துக்கொள்கிறேன். நமது மாநிலத்தின் அடுத்த மாநிலமான தமிழக முதலமைச்சர் மறைந்துள்ளதற்கு எனது துக்கத்தையும் அனுதாபத்தையும் தெரிவித்துக்கொள்கிறேன். அவர் சமீபகாலத்தில் மிகவும் உன்னத ஸ்தாபனத்தை அடைந்தவர் என்பது சொல்லாமலே விளங்கும். மேலும் அவர் டி. எம். கெ. அங்கத்தினர்களின் அன்பை பெற்றவர் மட்டுமல்ல, மற்ற கட்சிகளான காங்கிரஸ், கம்யூனிஸ்ட் போன்ற மற்ற கட்சிகளின் தலைவர்களையும், ஊழியர்களுடையவும் அன்பையும் ஆதரவையும் பெற்றவர் என்பது குறிப்பிடத்தக்கது எதிர்கட்சி தலைவர்களையும், சட்டமன்ற உறுப்பினர்களையும், ஊழியர்களையும் மதிப்பவர். இது நான் நேரில் கண்ட உண்மையாகும். அவருடைய நல்ல காரியத்தையும் மற்ற மாநில முதன் மந்திரிகள் பின்பற்ற வேண்டியது பலதும் உண்டு. சபாநாயகர் அவர்கள் கூறியபடி காந்திஜி, ஜவகர்லால் நேருஜி அவர்களுக்கு அடுத்தபடியாக மக்களின் செல்வாக்கையும் அன்பையும், ஆதரவையும் பெற்று எதிர் கட்சிகளை ஆதரிப்பதில் நேருஜியை பின்பற்றிய தமிழ்நாடு முதலமைச்சர் அண்ணா அவர்களை நான் நேரில் கண்ட சில உண்மைகளை இங்கு இந்த சமயத்தில் குறிப்பிட ஆசைப்படுகிறேன். 1959-ஜுன் 6-ம் தியதி நேருஜி ஊட்டி ராஜ பவனில் தங்கியிருந்தார். நானும் காணச்சென்றேன். மற்றும் பல காங்கிரஸ் மாபெரும் தலைவர்கள் அவரைக் காணவேண்டுமென்று காத்திருந்தனர். அப்போது இரவு எட்டு மணி இருக்கும். அதே சமயத்தில் திரு. எம். என். கோவிந்த நாயர், திரு. ஏ. கெ. கோபாலன், திரு. வி. ஆர். கிருஷ்ணய்யர் மற்றும் கம்யூனிஸ்ட் தலைவர்கள் காண வந்தார்கள். உடனே முடிசூடா மன்னர் என்று போற்றப்படும் நேருஜி அவர்கள் ராஜபவன் வாசல்வரை வந்து அவர்களை வரவேற்று அழைத்துசென்று முதலாவதாகப் பேசி உரையாடியதுடன் அவர்களுக்கு வேண்டி தாமதிக்கவேண்டிய வசதியும் ஏற்படுத்த அவரே நேரடியாக முன்னின்று செய்துள்ளதை எனது ஞாபகத்தில் வருகிறது. அதுபோலவே அண்ணா அவர்களும் நான் பார்க்க சென்றபோது பல டி. எம். கெ. சட்டமன்ற உறுப்பினர்கள் காண காத்திருந்தும் எனக்கு பார்த்துப் பேச சந்தர்ப்பம் முதலில் அளித்துள்ளார் என்பதை என்னால் மறக்கமுடியாது. இந்த இரண்டும் நான் நேரில் கண்ட உண்மையாகும். ஆகவே இப்பேர்ப்பட்ட நற்குணங்கள் உள்ள அண்ணா மற்ற கட்சித் தலைவர்கள் மத்திய அரசின் அன்பையும் பெற்றுள்ளார். முதன் முதலாக அவர் பதவி ஏற்ற காலம் தனித்தமிழகம், தனித்திராவிடம் அமைப்பு அறிக்கை விடுவார் என்று இந்தியாவில் ஹிந்தி வெறியர்கள் மற்றும்

பலர் எண்ணினார்கள். ஆனால் அவர் எதிர்பார்த்ததற்கு மாறான ஏக இந்தியா, ஒன்றுபட்டநாடு, இந்திய அரசியல் அமைப்புக்கு மதிப்பு கொடுத்து கட்டுப்பாடுடன் நடக்க தீர்மானித்து தனி திராவிடம் கொள்கையை கைவிட்டதாக அறிக்கையை வெளிவிட்டார். அதன்படி நடந்தும், செயலிலும் காட்டியுள்ளார். ஹிந்தி வெறியர்களின் அன்பையும் பெற்றார். பிராமண எதிர்ப்பாக இருந்த கட்சியின் தலைவரான அண்ணா பிராமணர்களின் அன்பையும் பெற்றார். பிராமணர்களின் தலைவரான ராஜாஜியும் அவர் அன்புக்கு பாத்திரமாய் உற்ற நண்பர் ஆனார் என்றால், அவருடைய அரசியல் ராஜதந்திரத்தை எப்படி போற்றுவதென்று சொல்லமுடியவில்லை. நாஎழவில்லை. அண்ணாவின் வாரிசாகவரும் வாய்ப்பு திரு. கருணாநிதிக்கு இருப்பதாக கேள்விப்பட்டேன். அவர் தமிழக முதலமைச்சரானால் அண்ணாவின் பாதையில் செல்வாராக என்று ஆசிர் கூறவிரும்புகிறேன். பெரும் மகான் அண்ணா அவர்கள் மறைந்து சிவலோகபதவி அடைந்துள்ளதற்கு நானும் எனது துக்கத்தையும் அனுதாபத்தையும் கேரள மக்களின் சார்பாகவும் குறிப்பாக கேரளாவிலுள்ள சிறுபான்மை தமிழர்களின் சார்பாகவும் அன்னார் குடும்பத்திற்கு தமிழக மக்களுக்கு தெரிவித்துக்கொண்டும் அண்ணாவின் ஆத்துமா சாந்தியடைய இறைவனை பிரார்த்திக்கிறேன்.

ശ്രീ. എം. എം. തോമസ്: സർ, ഈ സഭയിലെ ഒരു ബഹുമാനപ്പെട്ട മെമ്പറായിരുന്ന ശ്രീ. കുഞ്ഞുരാമൻ മാസ്ററരുടെ അകാലനിര്യാണത്തിൽ അങ്ങും, മററു പാർട്ടി നേതാക്കൻമാരും പ്രകടിപ്പിച്ച വികാരങ്ങളോടു ഞാൻ പൂർണ്ണമായി യോജിക്കുകയാണ്.

ശ്രീ. കുഞ്ഞുരാമൻ മാസ്ററരുമായി എനിക്കു അധികകാലത്തെ പരിചയമില്ല. ചില അപൂർവ്വം സൻദർഭങ്ങളിൽമാത്രമേ അദ്ദേഹവുമായി ഇടപഴകുന്നതിനുള്ള ഭാഗ്യം ഉണ്ടായിട്ടുള്ളൂ. എങ്കിലും ആ ചുരുക്കം സൻദർഭങ്ങളിൽ അദ്ദേഹത്തിൻെറ തികഞ്ഞ ആദർശനിഷ്ഠയും തത്വങ്ങളും പ്രായോഗിക ജീവിതത്തിൽ പരിപൂർണ്ണമായി പ്രാവർത്തികമാക്കുന്നതിനുള്ള ആത്മാർത്ഥമായ താൽപര്യം പ്രകടിപ്പിച്ചിരുന്നതായി കാണാൻ കഴിഞ്ഞിട്ടുണ്ട്. അദ്ദേഹത്തിൻെറ ഗുണഗണങ്ങളെപ്പററി, അദ്ദേഹത്തെ നേരിട്ടറിയാവുന്ന പലരും പറയുകയുണ്ടായി. ആ ഗുണഗണങ്ങളെല്ലാം തികഞ്ഞിരുന്ന ഒരു നല്ല മനുഷ്യൻ, തികഞ്ഞ ഒരു ആദർശവാദി, സാധാരണക്കാരുടെ ഇടയിലെ ഒരു നല്ല രാഷ്ട്രീയ പ്രവർത്തകൻ എന്നിങ്ങനെ പലനിലകളിലും എല്ലാവിഭാഗക്കാരുടെയും ബഹുമതി ആർജ്ജിച്ചിരുന്ന ഒരു നേതാവായിരുന്നു അദ്ദേഹം എന്നാണു ഞാൻ മനസ്സിലാക്കുന്നത്. അദ്ദേഹത്തിൻെറ അകാലനിര്യാണം, ഈ സഭയ്ക്കും കേരളത്തിലെ രാഷ്ട്രീയപ്രസ്ഥാനത്തിനും ഒരു തീരാനഷ്ടമാണ്. അദ്ദേഹത്തിൻെറ കുടുംബാംഗങ്ങളോടൊപ്പം അനുശോചിക്കുകയും, ഈ സഭ പ്രകടിപ്പിച്ച വികാരങ്ങളോടു പരിപൂർണ്ണമായി യോജിക്കുകയും ചെയ്യുന്നു.

അതുപോലെ, അയൽസംസ്ഥാനമായ തമിഴുനാട്ടിലെ മുഖ്യമന്ത്രിയായിരുന്ന ശ്രീ. അണ്ണാദുരയുടെ മരണത്തിലും ഞാനും എൻെറ പാർട്ടിയും ഖേദം പ്രകടിപ്പിക്കുകയാണ്. അദ്ദേഹത്തിൻെറ പല പ്രസംഗങ്ങളും എനിക്കു കേൾക്കാൻകഴിഞ്ഞിട്ടുണ്ട്. ഒരു ഉജ്വലവാഗ്മിയെന്ന നിലയിൽ ജനലക്ഷങ്ങളുടെ വികാരങ്ങളെ ചൂഷണംചെയ്യാനും അവരെ സ്വന്തം അനുയായികളാക്കിത്തീർക്കാനും പ്രത്യേക കഴിവുണ്ടായിരുന്നയാളാണ് ശ്രീ. അണ്ണാദുര. അദ്ദേഹത്തിൻെറ ഭരണശേഷിയിലും നേതൃത്വത്തിലും ജനലക്ഷങ്ങൾക്കുണ്ടായിട്ടുള്ള പ്രതികരണം, അദ്ദേഹത്തിൻെറ മരണശേഷം തമിഴുനാട്ടിലും ഇൻഡ്യയിലും പൊതുവെ നാം കാണുകയുണ്ടായി. അദ്ദേഹത്തിൻെറ പാർട്ടിയുടെ നില

LIBRARY ARCHIVES Kerala Legislative Assembly

നിൽപ്പിന്റെ ഒരു ചൂണ്ടുപലകയായി അതിനെ ഞാൻ കാണുകയാണ്. അദ്ദേഹത്തിന്റെ നിര്യാണംമൂലം ഇൻഡ്യയ്ക്ക് പൊതുവെയും, തമിഴ്നാട്ടിന് പ്രത്യേകിച്ചും നികത്താനാവാത്ത ഒരു നഷ്ടം സംഭവിച്ചിരിക്കുകയാണ്. എനിക്കും എന്റെ പാർട്ടിക്കും അദ്ദേഹത്തിന്റെ അകാലനിര്യാണത്തിലുള്ള ഖേദം പ്രകടിപ്പിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

**Shri U. P. Kunikullayya**: Sir, I also associate myself with the sentiments expressed by yourself, by the leader of the House and by the leaders of the political parties. Even though I had never come into contact with late Kunhiraman who was a member of this House, what I heard was that he had spent his life for the service of the poor, for bettering the conditions of the poor and for the service of the needy and deserving. His spirit may instil in us a spirit of selfless sacrifice and let his soul be the guiding star for us to try our best to ameliorate the conditions of the poor in the State. May his soul rest in peace.

Shri Annadurai a rising sun of the East, has come to the end of his journey abruptly. Death has been merciless and cruel. Though we can console ourselves by the noble words of Gita—जातस्य ही ध्रुवो मृत्यु हो, we cannot but feel the vacuum created by his death. He was a powerful great orator, a popular leader, a great and noble statesman, a literary figure, a sincere politician and an able administrator. He with his band of Ministers has earned such a fame and name which no Government has gained in such a short period. The void created by his sudden demise cannot be filled up in the near future. His spirit of sacrifice, the selfless sacrifice to the causes of poor people has endeared him to the poor of the Tamilnad State who in return respected him and revered him and loved him as a God who has come give succour to the hungry and home to the homeless and help to the needy. His achievements are really great, and he is indeed a great man. May his soul rest in peace and I pray that the people of his State may be given sufficient courage to bear the loss and I hope that God will give his soul eternal peace.

ശ്രീ. മത്തായി മാഞ്ഞൂരാൻ: സർ, മഹനീയമായ മനുഷ്യസമത്വത്തിന്റെ സന്ദേശം ജനഹൃദയങ്ങളിൽ കുത്തിവച്ചു, നിസ്വാർത്ഥമായ രാഷ്ട്രീയ ജീവിതത്തിന്റെ സുരഭിലത അന്തരീക്ഷത്തിൽപ്പരത്തിയ മഹാന്മാരായ രണ്ടു വ്യക്തികളുടെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്താനാണ് ഞാൻ എഴുന്നേററു നിൽക്കുന്നത്.

കുഞ്ഞിരാമൻ മാസ്ററർ നമുക്കെല്ലാം സുപരിചിതനായ ഒരു സുഹൃത്താണ്. കഴിഞ്ഞ ഇരുപത്തിരണ്ടുകൊല്ലക്കാലം എനിക്കു അദ്ദേഹവുമായി പരിചയമുണ്ടായിരുന്നു. അദ്ദേഹം കോഴിക്കോട്ടു ആശുപത്രിയിൽ രോഗബാധിതനായി കിടക്കുമ്പോൾ നാലുതവണ അദ്ദേഹത്തെ സന്ദർശിക്കുകയുംചെയ്തു. അന്നൊന്നും ഇത്രവേഗം ഇങ്ങനെ സംഭവിക്കുമെന്നു ഞാൻ കരുതിയിരുന്നില്ല. അദ്ദേഹം മരിക്കുമ്പോൾ ഞാൻ സംസ്ഥാനത്തുണ്ടായിരുന്നെങ്കിൽ, രണ്ടുതുള്ളി കണ്ണുനീർ എനിക്കും വീഴ്ത്താൻ അവസരം കിട്ടുമായിരുന്നു. അദ്ദേഹത്തിന്റെ സ്മരണ അഭിനവമായ ഒരു നേതൃത്വത്തിന്റെ മാതൃകയായി അംഗീകരിച്ചുകൊണ്ടു ആദരാഞ്ജലികൾ സമർപ്പിക്കുകയാണ്.

അതുപോലെ പലതരത്തിൽ രാഷ്ട്രീയജീവിതത്തിൽ വ്യക്തിമുദ്രപതിപ്പിച്ചു കാലയവനികയിൽ മറഞ്ഞ ശ്രീ. അണ്ണാദുരയുടെ നിര്യാണവും ഒരു



LIBRARY ARCHIVES Kerala Legislative Assembly

വലിയ നഷ്ടമാണു വരുത്തിവച്ചിരിക്കുന്നത്. നമ്മുടെ കൂട്ടാളികൾ ദിവസേനയെന്നോണം നമ്മെ വിട്ടുപോകുകയാണ്. അദ്ദേഹം തമിഴു നാട്ടിലെ ജനകോടികൾക്കു നൽകിയ ഉന്നതമായ നേതൃത്വം വിസ്മരിക്കാൻ സാധ്യമല്ല. നമ്മെ വേർപെട്ടുപോയ ഈ രണ്ടു ആളുകളെസംബന്ധിച്ചും ജനലക്ഷങ്ങൾക്കുണ്ടായിട്ടുള്ള തീവ്രമായ വികാരങ്ങളുടെ മാറ്റൊലിയാണു നാം ഇന്നിവിടെ മുഴക്കുന്നത്. അതു എന്നും കേൾക്കുമാറാകട്ടെ.

ശ്രീ. ജോസഫ് ചാഴിക്കാട്: സർ, കഴിഞ്ഞ 1968–69 സാമ്പത്തികവർഷത്തിൽ പട്ടിണിയും ദാരിദ്ര്യവുംകൊണ്ടു കഷ്ടപ്പെട്ടിരുന്ന നാം 1969–70–ലെ ബഡ്ജററു അവതരിപ്പിക്കുമെന്ന പ്രത്യാശയോടുകൂടിയാണ് ഇന്നിവിടെ വന്നതെങ്കിലും, രണ്ടുപേരുടെ അകാലമരണത്തിൽ അനുശോചിക്കേണ്ടിവന്നതിനാൽ, ബഡ്ജററും മരിച്ചതായിട്ടാണ് ഞാൻ കരുതുന്നത്.

അങ്ങനെ രണ്ടുപേരുടെ അകാലമരണത്തിൽ അനുശോചിക്കുന്നതോടൊപ്പം ബഡ്ജററിന്റെ 'മരണ'ത്തിലും ഞാൻ അനുശോചനം രേഖപ്പെടുത്തുകയാണ്.

ശ്രീ. പി. പി. കൃഷ്ണൻ: സർ, ഈ സഭയിലെ ബഹുമാനപ്പെട്ട ഒരംഗവും പ്രത്യേകിച്ചു എന്റെ ജില്ലയിലെ എന്റെ പാർട്ടിനേതാവുമായിരുന്ന ശ്രീ. കുഞ്ഞിരാമൻ മാസ്ററരുടെയും, തമിഴുനാടു മുഖ്യമന്ത്രിയായിരുന്ന ശ്രീ. അണ്ണാദുരയുടെയും നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്താനാണ് നാം ഇന്നിവിടെ സമ്മേളിച്ചിരിക്കുന്നത്. സഖാവു കുഞ്ഞിരാമൻ മാസ്ററരുമായി കഴിഞ്ഞ പത്തു നാൽപതുകൊല്ലമായി പരിചയപ്പെടാൻ ഇടയായിട്ടുണ്ട്. പാലക്കാടു ജില്ലയിലെ അദ്ധ്വാനിക്കുന്ന ജനലക്ഷങ്ങൾക്കുവേണ്ടി മാസ്ററർ അനുഷ്ഠിച്ചിട്ടുള്ള സേവനം ഒരുകാലത്തും വിസ്മരിക്കാൻ സാധ്യമല്ല. സ്വന്തം കുടുംബത്തെപ്പോലും വിസ്മരിച്ചുകൊണ്ടുള്ള പ്രവർത്തനമായിരുന്നു അത്. ഞാൻ ഇതു പറയുമ്പോൾ, ഒരുകാര്യം ഈ സഭയുടെ പ്രത്യേക ശ്രദ്ധയിൽപെടുത്താനാഗ്രഹിക്കുകയാണ്. നമ്മുടെ മുഖ്യമന്ത്രി. എന്റെ പാർട്ടി നേതാവ് ശ്രീ. ഇ. എം. ശങ്കരൻനമ്പൂതിരിപ്പാട് കഴിഞ്ഞ ഡിസംബർ 25–ാം തീയതി, കോഴിക്കോട്ടു മെഡിക്കൽ കാളേജു ആശുപത്രിയിൽ കുഞ്ഞിരാമൻ മാസ്ററരെ കാണാൻ വന്നപ്പോൾ ഞങ്ങൾ തമ്മിൽ സംസാരിച്ച കൂട്ടത്തിൽ മുഖ്യമന്ത്രി, മാസ്ററരുടെ വീടെവിടെയാണെന്നു സംശയം പ്രകടിപ്പിക്കുകയുണ്ടായി. ചെറുപ്പുളശേരിയിലാണോ, ഷൊർണൂറാണോ എന്ന സംശയം പ്രകടിപ്പിക്കുകയുണ്ടായി. മലമ്പുഴ നിയോജകമണ്ഡലത്തിലെ എം. എൽ. എ. യായ കുഞ്ഞിരാമൻ മാസ്ററർ, തന്റെ പ്രവർത്തനം മുഴുവൻ പാലക്കാട്ടു ജില്ലയിൽ കേന്ദ്രീകരിച്ച്, താൻ ഏതു പ്രദേശത്തുകാരനാണ്, വീടുതന്നെ എവിടെ എന്ന സംശയം ജനിപ്പിക്കുന്നതരത്തിലായിരുന്നു പ്രവർത്തിച്ചിരുന്നത്. പാർട്ടിക്കുവേണ്ടി, സാധാരണക്കാരായ പാർട്ടിക്കാർക്കുവേണ്ടിയല്ലാതെ, വീട്ടിനുവേണ്ടിയോ, വീട്ടുകാർക്കുവേണ്ടിയോ, സ്വന്തക്കാർക്കുവേണ്ടിയോ മാസ്ററർ പ്രവർത്തിച്ചിരുന്നില്ല. കഴിഞ്ഞ മുപ്പതു വർഷമായി അദ്ധ്വാനിക്കുന്ന വിഭാഗത്തിനുവേണ്ടി പ്രവർത്തിച്ചുവന്ന അദ്ദേഹം അക്ഷരത്തിലും അർത്ഥത്തിലും കേരളത്തിലെ മററു ഏതൊരു ജനകീയനേതാവിനെക്കാളും യഥാർത്ഥമായി തന്റെ കടമ നിർവ്വഹിച്ചിരുന്നുവെന്നുള്ളതു ഒരു പരമാർത്ഥമാണ്. ഇന്നുവരെ ഒരു നയാപൈസയ്ക്കോ, ഒരിഞ്ചു ഭൂമിക്കോ അവകാശമില്ലാത്ത അദ്ദേഹം യഥാർത്ഥ ജനസേവനനിരതനായിത്തന്നെ കഴിച്ചുകൂട്ടുകയായിരുന്നു. ബഹുമാനപ്പെട്ട കുഞ്ഞിരാമൻ മാസ്ററരുടെ നിര്യാണത്തിൽ അനുശോചിക്കുന്നതോടൊപ്പം ശ്രീ. അണ്ണാദുരയുടെ നിര്യാണത്തിലും ഞാൻ അനുശോചനം രേഖപ്പെടുത്തുകയാണു. ശ്രീ. അണ്ണാദുരയെപ്പററി പറയുമ്പോൾ, അദ്ദേഹം ഇൻഡ്യയിൽ ഇത്രവളരെ ജനസമ്മതിനേടാൻ കാരണം, വളരെക്കാലമായി ഇവിടെ നിലനിന്നുവരുന്ന അന്ധവിശ്വാസങ്ങളോടും അനാചാരങ്ങളോടും സമരംചെയ്തു,

നാട്ടിൽ ഒരു നവോത്ഥാനം തന്നെ ഉണ്ടാക്കിത്തീർത്തു എന്നതാണ്. ഈ രണ്ടു വ്യക്തികളുടെയും നിര്യാണത്തിൽ ഈ സഭയോടൊപ്പം ഞാനും അനുശോചനം രേഖപ്പെടുത്തുന്നു.

മി. സ്പീക്കർ: ഈ സഭ ഏകകണ്ഠമായി പ്രകടിപ്പിച്ച വികാരങ്ങളും ഈ സഭയുടെ അനുശോചനവും ബഹുമാനപ്പെട്ട കുഞ്ഞിരാമൻ മാസ്റ്ററുടെയും ശ്രീ. അണ്ണാദുരയുടെയും കുടുംബങ്ങളെ ഞാൻ അറിയിക്കുന്നതാണ്.

പരേതരോടുള്ള ബഹുമാനസൂചകമായി സഭ രണ്ടുമിനിററുനേരം എഴുന്നേററു നിന്ന് ആത്മശാന്തിക്കായി പ്രാർത്ഥിക്കണമെന്നഭ്യർത്ഥിക്കുന്നു.

[As a mark of respect to the memory of the departed the House stood in silence for two minutes.]

മി. സ്പീക്കർ: സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ എട്ടു മണിക്കു .... .... ......

ശ്രീ. ജോസഫ് ചാഴിക്കാട്: സർ, നാളെ ശനിയാഴ്ചയാണ്. ശനിയും ഞായറും നിയമസഭകൂടാൻപാടില്ലെന്ന് നിയമസഭാനടപടിച്ചട്ടങ്ങളിൽ വിശദമായി പറഞ്ഞിട്ടുണ്ട്. നാളെ സെക്കൻഡുസാറ്റർഡേയും ഹോളിഡേയുമായിരിക്കെ നിയമത്തിനു വിരുദ്ധമായി നിയമസഭ കൂടുന്നതു ശരിയാണോ? സഭാനേതാക്കൻമാരുമായി ആലോചന നടത്താതെ ഒരു തീരുമാനമെടുത്തത് ശരിയാണോ എന്നു ഞങ്ങൾക്കു സംശയം ഉണ്ട്. തിങ്കളാഴ്ചയോ ചൊവ്വാഴ്ചയോ ബഡ്ജററ് അവതരിപ്പിക്കാമല്ലോ. അതുകൊണ്ട് ബഹുമാനപ്പെട്ട സ്പീക്കർ വളരെ കാര്യമായിട്ട്, ഗൗരവമായിട്ട് നേതാക്കൻമാരുമായി ആലോചിച്ച് ഒരു തീരുമാനമെടുക്കേണ്ടതാണ്.

മി. സ്പീക്കർ: ഇന്നു ബഡ്ജററ് അവതരിപ്പിക്കാമെന്നു പ്രതീക്ഷിച്ചിരുന്നു. പക്ഷെ മരണവും മററുമൊക്കെ നാം പിടിച്ചാൽ നിൽക്കുന്ന കാര്യമല്ലല്ലൊ. അതെല്ലാം ബഹുമാനപ്പെട്ട ചാഴിക്കാടനും അറിയാവുന്ന കാര്യങ്ങളാണ്. നമ്മുടെ സഭ ബഡ്ജററ് അവതരിപ്പിക്കുന്നതിനു തീരുമാനിച്ച ദിവസം ബഹുമാന്യരായ രണ്ടു ആളുകളുടെ മരണം സംബന്ധിച്ച അനുശോചനം രേഖപ്പെടുത്തേണ്ടിവന്നു. ആ സ്ഥിതിക്ക് ബഡ്ജററ് അവതരിപ്പിക്കേണ്ടതിന് സഭാനേതാക്കൻമാരുമായി ആലോചിക്കേണ്ടതാണ്. ബഹുമാനപ്പെട്ട കരുണാകരൻ ഇവിടെ ഇല്ലായിരുന്നു. അദ്ദേഹം ടൂറിനുപോയിരുന്നു. ബഹുമാനപ്പെട്ട ജോർജുമായി ആലോചിച്ചു. മി. ചാഴിക്കാടനുമായി ആലോചിക്കാൻ സാധിച്ചില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി ഞാൻ ആലോചിച്ചു. ഇങ്ങനെയുള്ള സാഹചര്യങ്ങളിൽ ഒരു തീരുമാനമെടുക്കുന്നതിന് തീർച്ചയായിട്ടും സ്പീക്കർക്ക് അവകാശം ഉണ്ട്. സ്പീക്കർക്ക് അതിനു സ്വാതന്ത്ര്യമുണ്ടെന്നാണ് എന്റെ വിശ്വാസം. ആ നിലയ്ക്ക് ഇന്നു കൂടാനിരുന്ന സമ്മേളനം യാദൃച്ഛികമായ സംഭവങ്ങൾ നിമിത്തം നാളേയ്ക്ക് കൂടാൻവേണ്ടിയുള്ള ഒരു അനുമതിയ്ക്കായി വയ്ക്കുന്നു.

ശ്രീ. കെ. എം. ജോർജ്ജ്: ബഹുമാനപ്പെട്ട സ്പീക്കറുടെ തീരുമാനത്തിൽ അഭിപ്രായവ്യത്യാസമില്ല. പക്ഷെ ആദ്യദിവസംതന്നെ ഈ രണ്ടു വ്യക്തികളുടെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തണമെന്നുണ്ടെങ്കിൽ തന്നെ ശനിയാഴ്ച ബഡ്ജററ് അവതരിപ്പിക്കുന്നത് എങ്ങനെയും ഒഴിവാക്കേണ്ടതായിരുന്നു. ബഡ്ജററ് അവതരിപ്പിക്കുന്നതിനെ സംബന്ധിച്ചിടത്തോളം ഞങ്ങൾക്കു പറയാനുള്ളത് രണ്ടു ദിവസമെങ്കിലും അതിനെക്കുറിച്ചു പഠിക്കാൻ സമയം വേണമെന്നതാണ്. അങ്ങനെ രണ്ടു ദിവസംതന്നെ വേണമെന്നത് വളരെ ആവശ്യമാണെന്നു നിർബന്ധമായി ചൂണ്ടിക്കാണിക്കാൻ ഞാനീയവസരം ഉപ

LIBRARY ARCHIVES Kerala Legislative Assembly

യോഗിക്കുകയാണ്. ഒരു ദിവസംകൂടി അവധി കിട്ടിയാൽ മതി. അതുകൊണ്ട് നാളെ ബഡ്ജററ് അവതരിപ്പിക്കാൻ തീരുമാനിച്ച നിലയ്ക്കു ഞായറും തിങ്കളും അവധി തരണമെന്നുള്ള ഒരു നിർദ്ദേശം ആണ് എനിക്കു വയ്ക്കുവാനുള്ളത്.

ശ്രീ. കെ. കരുണാകരൻ: നാളെ അവതരിപ്പിക്കാൻ തീരുമാനിച്ച കാര്യത്തിൽ പ്രതിപക്ഷത്തോടു ആലോചിക്കാത്തതിനെക്കുറിച്ച് യാതൊന്നും പറയുന്നില്ല. അതിനു സന്ദർഭം കിട്ടിയില്ലെന്നുള്ളത് ശരിയാണ്. ഇതുകഴിഞ്ഞ് എന്താണ് നിയമസഭയുടെ നടപടി എന്ന കാര്യത്തെക്കുറിച്ച് ഞാൻ സെക്രട്ടറിയോടന്വേഷിച്ചപ്പോൾ തിങ്കളാഴ്ച അസംബ്ളി ഉണ്ടെന്നാണറിയാൻ കഴിഞ്ഞത്. സാധാരണ നിലയിൽ ബഡ്ജററ് അവതരിപ്പിച്ചുകഴിഞ്ഞാൽ പഠിക്കുന്നതിന് ചുരുങ്ങിയത് രണ്ടു ദിവസമെങ്കിലും വേണം. അതിനുള്ള സന്ദർഭവും നഷ്ടപ്പെട്ടിരിക്കുകയാണ്. നാളെ അവതരിപ്പിച്ചാൽ ബഡ്ജററ് പഠിച്ച് ചർച്ച ചെയ്യാൻ വളരെ അസൗകര്യമാണ്. ബഡ്ജററ് പഠിച്ച് ചർച്ച ചെയ്യണമെന്നാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്. ആ നിലയ്ക്കു അതു പഠിക്കാനുള്ള സന്ദർഭം കിട്ടണം. ബഡ്ജററ് അവതരിപ്പിക്കുന്നതിനെ സംബന്ധിച്ചൊന്നും ഞങ്ങൾ ചോദ്യം ചെയ്യുന്നില്ല. ചർച്ചയെ സംബന്ധിച്ചെങ്കിലും ആലോചിച്ച് തീരുമാനമെടുക്കണം.

ശ്രീ. കെ. എം. മാണി: സാർ, ഒരു പോയിൻറ് ഓഫ് ഓർഡർ. റൂൾ 13 അനുസരിച്ച്, Unless the Assembly otherwise determines, there shall be no sittings on Saturdays, Sundays and other public holidays. എന്നു കാണുന്നു. ഇതു അസംബ്ളിയിൽ ചർച്ചചെയ്തു തീരുമാനിക്കേണ്ടതല്ലേ. സ്പീക്കർ മാത്രം നിശ്ചയിക്കേണ്ടതാണോ ?

മി. സ്പീക്കർ: അത് ഹൗസ് കൂടിയിരിക്കുമ്പോഴത്തെ കാര്യമാണ്. സഭ കൂടാതെയിരിക്കുന്ന സാഹചര്യത്തിൽ തീരുമാനിക്കുന്നതിനുള്ള അധികാരം സ്പീക്കർക്കാണുള്ളത്. സഭ കൂടാതിരിക്കുന്ന സന്ദർഭത്തിൽ സഭയുടെ മുഴുവൻ അധികാരവും സ്പീക്കർക്കുതന്നെയുണ്ട്. ഈ പോയിൻറ് ഓഫ് ഓർഡറിൻെറ ആവശ്യമില്ലായിരുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ. എം. ശങ്കരൻനമ്പൂതിരിപ്പാട്): ഈ തിങ്കളാഴ്ച കേരള സ്റേറ ഓഫ് എവിക്ഷൻ പ്രൊസീഡിംഗ്സ് ബില്ല് പാസ്സാക്കാതിരിക്കാൻ നിവൃത്തിയില്ല. ആ ആർഡിനൻസ് നിയമമാക്കേണ്ട കാലാവധി പതിനൊന്നാം തീയതിയോ പന്ത്രണ്ടാംതീയതിയോ അവസാനിക്കുകയാണ്. അതുകൊണ്ട് അന്നു അവധി വയ്ക്കുകയാണെങ്കിൽ ആർഡിനൻസ് ലാപ്സാകും. അതു ചിന്തിക്കാൻപോലും സാദ്ധ്യമല്ല. ബഡ്ജററ് പഠിക്കാൻ സമയമില്ല, ഒരു ദിവസമേയുള്ളു എന്നു പറയുന്നത് ശരിയല്ല. നാളെ 8 മണിക്ക് അസംബ്ളികൂടി ഒമ്പതു മണിക്ക് പിരിയും. അപ്പോൾ നാളെയും ഉണ്ട്, ഞായറാഴ്ചയും ഉണ്ട്. ചർച്ച 11-ാം തീയതിയെ തുടങ്ങുന്നുള്ളു. അപ്പോൾ ഈ നിലയ്ക്കുതന്നെ നടത്തണമെന്നാണ് എനിക്കു പറയുവാനുള്ളത്.

ശ്രീ. കെ. എം. ജോർജ്ജ്: സർ, ഇതിനെ സംബന്ധിച്ചിടത്തോളം ദീർഘമായ ഒരു ചർച്ചയുടെ ആവശ്യമില്ല. മുഖ്യമന്ത്രിയുടെ അഭിപ്രായങ്ങൾ ഞങ്ങളെ സംബന്ധിച്ചിടത്തോളം വളരെ വിഷമമുള്ള കാര്യമാണ്. തീർച്ചയായും ബഡ്ജററ് പഠിച്ച് ചർച്ചചെയ്യുന്നതിന് സമയം കിട്ടിയേ തീരു. മുഖ്യമന്ത്രി മണിക്കൂറുകൾ കണക്കാക്കി, ശനിയാഴ്ച അവതരിപ്പിച്ചാൽ പഠിക്കുന്നതിന് രണ്ടു ദിവസം ഉണ്ടെന്നു പറഞ്ഞ് നിർബന്ധം പിടിക്കരുത്. ചൊവ്വാഴ്ച ബില്ലുപാസ്സാക്കുകയും ബുധനാഴ്ച ബഡ്ജററ് ചർച്ച ആരംഭിക്കുകയും ചെയ്യുന്നതു കൂടുതൽ നന്നായിരിക്കും.

LIBRARY ARCHIVES Kerala Legislative Assembly

76946



ശ്രീമതി. കെ. ആർ. ഗൗരി : ഡെൽഹിയിൽ പ്രസിഡൻറിൻെറ അംഗീകാരത്തിനു പോകേണ്ട ബില്ലാണിത്. അതുകൊണ്ട് ഇതു മാററി വയ്ക്കാൻ നിവൃത്തിയില്ല.

ശ്രീ. കെ. കരുണാകരൻ : ഈ സംപ്രദായത്തിൽ ഞങ്ങൾക്ക് വളരെയധികം എതിർപ്പ് ഉണ്ട്, നാളെ പ്രസിഡണ്ടിൻെറ അംഗീകാരത്തിനയയ്ക്കാൻവേണ്ടി ഇന്ന് ഈ നിയമസഭയിൽ ബില്ല് കൊണ്ടുവരുന്ന സംപ്രദായത്തെപ്പററി സ്പീക്കേഴ്സ് കാൺഫറൻസിൽത്തന്നെ വളരെ ശക്തിയായി വിമർശിച്ചത് ഞങ്ങൾക്കറിവുള്ളതാണ്. ഈ ബില്ല് പാസ്സാക്കുന്നതിനെ ഞങ്ങൾ എതിർക്കുന്നില്ല. ഇവിടത്തെ പാവപ്പെട്ട കുടികിടപ്പുകാർക്കുവേണ്ടിയുള്ള ഈ നിയമം അവസാന നിമിഷമെങ്കിലും കൊണ്ടുവന്നതിൽ സന്തോഷമാണുള്ളത്. അതിനെ എതിർക്കാൻ ഇഷ്ടപ്പെടാത്ത ആളുകളാണ് ഞങ്ങൾ. അതു പാസ്സാക്കണമെന്നു നിർബന്ധമുള്ള ആളുകളാണ്. അതുകൊണ്ട് മി. ജോർജ്ജ് നിർദ്ദേശിച്ചതുപോലെ ബഡ്ജററ് ബുധനാഴ്ച അവതരിപ്പിക്കുകയോ അല്ലെങ്കിൽ ചർച്ചയുടെ ദിവസം മാററി വയ്ക്കുകയോ ചെയ്യണം.

ശ്രീമതി. കെ. ആർ. ഗൗരി : ശ്രീമാൻ കരുണാകരൻ ഏതോ തെററിദ്ധാരണകൊണ്ടാണ് ഇങ്ങനെ സംസാരിക്കുന്നത്. ഒരു ബിൽ അവതരിപ്പിക്കണമെങ്കിൽ സെൻട്രലിൻെറ ക്ലിയറൻസ് കിട്ടണം. ക്ലിയറൻസ് കിട്ടാതെ ഈ ബിൽ പാസ്സാക്കുകയാണെങ്കിൽ പിന്നെയും താമസം ഉണ്ടാകും. കഴിഞ്ഞ നിയമസഭയുടെ സിററിംഗിനുശേഷമാണ്. 25-ാം തീയതിയോ 26-ാം തീയതിയോആണ് ക്ലിയറൻസ് കിട്ടിയത്. അതിനുശേഷം സെലക്ടുകമ്മിററികൂടി അതു വേഗം പാസ്സാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയാണ് ചെയ്തത്. ഇന്നത്തെ ദിവസം ഇങ്ങനെയാകുമെന്നു വിചാരിച്ചിരുന്നില്ല. ഇതു പാസാക്കി 13-ാംതീയതി സ്ററാററൂട്ട് ബുക്കിൽ വരേണ്ടതാണ്.

ശ്രീ. കെ. കരുണാകരൻ : ഇപ്പുറത്തിരിക്കുന്നവർ ഒന്നും അറിയാൻപാടില്ലാത്തവരാണെന്നും അപ്പുറത്തിരിക്കുന്നവർ മാത്രം സർവ്വജ്ഞരാണെന്നും ഭാവിക്കുന്നത് തെററാണ്. ഒരു ഓർഡിനൻസ് പാസ്സാക്കുന്നതിൻെറ പ്രാഥമിക പാഠം അറിയാൻ പാടില്ലാത്തവരല്ല ഇവിടെ വന്നിരിക്കുന്നവർ.

മി. സ്പീക്കർ : ഏതായാലും ശോകാത്മകമായ ഈ സന്ദർഭത്തിൽ ഇങ്ങനെയുള്ള ചർച്ചകൾ നമുക്ക് മതിയാക്കാം. നാളെ ബഡ്ജററ് അവതരണം കഴിഞ്ഞതിനുശേഷം ഇതേപ്പററി ആലോചിക്കാവുന്നതാണ്.

സഭ ഇപ്പോൾ പിരിയുന്നതും നാളെരാവിലെ 8 മണിക്ക് വീണ്ടും കൂടുന്നതുമാണ്.

The Assembly adjourned at 10.35 a. m. to meet again at 8 a. m. on Saturday, the 8th February 1969.

---

2/750/S

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly